കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഗുരുവായൂർ നഗരസഭ

## 2017-2018

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)837/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 10.07.19

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂർ നഗരസഭ

സർ,

വിഷയം : ഗുരുവായൂർ നഗരസഭ – 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)837/19 തിയ്യതി .10.07.19

<u>തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.17 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2017-18 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | ശ്രീ. രാജഗോപാലൻ.സി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 14/05/2019 മുതൽ 29/05/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസീദാസ് വി.ജി. | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | ഹണി കെ.എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ലിഷ.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | രേഖ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജീജോ ജോബ് | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| | |
|---|---|
| ചെയർമാൻ | |
| പ്രൊഫ.പി.കെ.ശാന്തകുമാരി | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | |
| ശ്രീ.ജെ.ആർ.രാജ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.17 മുതൽ 23.05.17 വരെ |
| ശ്രീ.യു.എസ്.സതീശൻ | 24.05.17 മുതൽ 17.07.17 വരെ |
| ശ്രീ.ജെ.ആർ.രാജ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 18.07.17 മുതൽ 27.07.17 വരെ |
| ശ്രീ.യു.എസ്.സതീശൻ | 28.07.17 മുതൽ 11.09.17 വരെ |
| ശ്രീ.ജെ.ആർ.രാജ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 12.09.17 മുതൽ 31.03.18 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പി.മുകുന്ദൻ | 01.04.17 മുതൽ 31.03.18 വരെ |
| | ശ്രീ.സി.മുരളീധരൻ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.നിർമ്മൽ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗീതാംബിക.ഡി.എൻ | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീ.ഷംഷാദ് | 01.04.17 മുതൽ 09.10.17 വരെ |
| | ശ്രീമതി. സബിത | 10.10.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഭാമിനി | 01.04.17മുതൽ 31.03.18 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് ജി.യു.പി.എസ്. | ശ്രീമതി.ലതിക | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലസിത | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.രാജ് ജെ.ആർ | ലഭ്യമാക്കിയില്ല |
| സി.ഡി.പി.ഒ | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| പ്രൊജക്ട് ഓഫീസർ, പി.എ.യു. | ശ്രീ.വിനോദ് ബാലകൃഷ്ണൻ | ലഭ്യമാക്കിയില്ല |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീജ | ലഭ്യമാക്കിയില്ല |
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ഗുരുവായൂർ | ശ്രീമതി.ബീന | ലഭ്യമാക്കിയില്ല |
| ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.മുതുവട്ടൂർ | ശ്രീമതി.ഉഷ | ലഭ്യമാക്കിയില്ല |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, | ശ്രീമതി.ലതിക | ലഭ്യമാക്കിയില്ല |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ലക്ഷ്മൺ കെ.എസ് | ലഭ്യമാക്കിയില്ല |

(നഗരസഭയിലെ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ, ഫണ്ട് വിനിയോഗം, ബജറ്റ് വിവരങ്ങൾ, പദ്ധതി വിവരങ്ങൾ മുതലായ അടിസ്ഥാന വിവരങ്ങൾ നൽകിയതിലെ തെറ്റുകൾ തിരുത്തുന്നതിനും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും(ഓഡിറ്റ് അന്വേഷണം നം.39/29.05.2019) ആയത് പരിഹരിക്കുകയോ വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ അടിസ്ഥാന വിവരങ്ങളുടെ കൃത്യതയും പൂർണ്ണതയും ഉറപ്പ് വരുത്താൻ ഓഡിറ്റിൽ സാധിച്ചില്ല. 03.07.09ലെ സർക്കുലർ നം.74217/എ.എ3/08/തസ്വഭവ പ്രകാരം തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു മാസ്റ്റർ ഇൻകുബൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേതടക്കം മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ (ഔദ്യോഗിക മേൽ വിലാസം, സ്ഥിര മേൽവിലാസം, സ്ഥലംമാറ്റം സംബന്ധിച്ച വിവരം എന്നിവ) ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.)

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-1 |
| 14 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-2 |
| 15 | വസ്തുനികുതി സംബന്ധിച്ച് | 2-3 |
| 16 | നഗരസഭയുടെ അധീനതയിലുള്ള കെട്ടിടമുറികളുടെ വാടക സംബന്ധിച്ച് | 2-4 |
| 17 | കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച് | 2-5 |
| 18 | ബാങ്ക് അക്കൗണ്ടുകൾ – പരിപാലനത്തിലെ അപാകതകൾ | 2-6 |
| | ഭാഗം 3 | |
| 19 | തെരുവ് വിളക്കുകളുടെ AMC – അപാകതകൾ | 3-1 |
| 20 | പ്രകാശ നഗരം പദ്ധതി – എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ- അപാകതകൾ | 3-2 |
| 21 | മുനിസപ്പൽ ഗ്രൗണ്ടിൽ 4 മിനിമാസ്റ്റുകൾ സ്ഥാപിച്ചത് – കരാറുകാരന് 80810/- രൂപ അധികം നല്കി | 3-3 |
| 22 | പൂക്കോട് വ്യവസായ എസ്റ്റേറ്റിൽ എസ്.സി. യുവജനങ്ങൾക്ക് വ്യവസായം ആരംഭിക്കാൻ ഷെഡ്ഡ് നിർമ്മാണം – പ്ലാൻ ഫണ്ടിൽനിന്നും 29905/- രൂപ അധികം പിൻവലിച്ചു. | 3-4 |
| 23 | ട്രഞ്ചിംഗ് ഗ്രൗണ്ടിൽ വിൻഡ്രോ കമ്പോസ്റ്റിനായി ഷെഡ്ഡ് നിർമ്മാണം- തുറന്ന ടെണ്ടറിന്മേൽ നെഗോസിയേഷൻ നടത്തി കരാർ നല്കിയത് - ക്രമപ്രകാരമല്ല | 3-5 |
| 24 | കൗൺസിൽ തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല. | 3-6 |
| 25 | നഗരസഭ ടൗൺഹാളിലെ ഇരിപ്പിടങ്ങൾ നവീകരിക്കൽ - സർക്കാർ ഉത്തരവിലില്ലാത്ത ഇനം ടെണ്ടർ കൂടാതെ വാങ്ങിയത് – ക്രമപ്രകാരമല്ല. | 3-7 |
| 26 | സ്ട്രീറ്റ് മെയിൻ വലിക്കൽ- വിശദമായ എസ്റ്റിമേറ്റ്, കരാർ എന്നിവയില്ലാതെ 5982046/- രൂപ കൈമാറി- വിനിയോഗ വിവരമില്ല. | 3-8 |
| 27 | GST കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളിൽ കരാറുകാരൻ GST അടവാക്കി എന്നുറപ്പാക്കുന്നില്ല. | 3-9 |
| 28 | പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല – 5015560 രൂപയുടെ ചെലവ് നിഷ്ഫലം | 3-10 |
| 29 | പ്രോജക്റ്റ് ഒാഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ – അപാകതകൾ | 3-11 |
| 30 | ആശ്രയ പദ്ധതി | 3-12 |

| | | |
|---|---|---|
| 31 | പദ്ധതിച്ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല. | 3-13 |
| 32 | CCTVക്യാമറ വാങ്ങിയത് നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല | 3-14 |
| 33 | അമൃത് പദ്ധതിയ്ക്കായി പിൻവലിച്ച തുക നാളിതുവരെ അമൃത് പദ്ധതി അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. | 3-15 |
| 34 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-16 |
| 35 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-17 |
| 36 | സാധനങ്ങൾ വാങ്ങൽ നടപടികൾ – അപാകതകൾ | 3-18 |
| 37 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-19 |
| 38 | ഹയർസെക്കണ്ടറി തുല്യതാ കോഴ്സിനു ഫീസ് നൽകൽ പദ്ധതി – കോഴ്സിനു ഹാജരാകാത്ത വിദ്യാർത്ഥികൾക്കു വേണ്ടി തുക ചെലവഴിച്ചു. | 3-20 |
| 39 | മെഡിക്കൽഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-21 |
| 40 | എസ് എസ് എ വിഹിതം നൽകൽ – വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 3-22 |
| 41 | തനതു ഫണ്ട് വൗച്ചറുകളിലെ അപാകതകൾ | 3-23 |
| 42 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾക്ക് അഡ്വാൻസ് – അപാകതകൾ | 3-24 |
| 43 | ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം – അപാകതകൾ | 3-25 |
| 44 | ജീവനക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കപ്പെട്ടിട്ടില്ല | 3-26 |
| 45 | ക്രിമറ്റോറിയം – AMC ഉണ്ടായിരുന്നിട്ടും ചിമ്മിനി മാറ്റുന്നതിനായി പദ്ധതി പ്രകാരം തുക ചെലവഴിച്ചു | 3-27 |
| 46 | അഡ്വക്കറ്റ് ഫീസിൽ നിന്നും ടിഡിഎസ് കുറവു ചെയ്യുന്നില്ല | 3-28 |
| 47 | നഗരസഭ വാഹനങ്ങളുടെ പരിപാലനം – അപാകതകൾ | 3-29 |
| 48 | മാലിന്യസംസ്കരണം അവലോകനം | 3-30 |
| 49 | പട്ടിക ജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ – അപാകതകൾ | 3-31 |
| 50 | വെറ്ററിനറി സർജ്ജൻ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 3-32 |
| 51 | UIDSSMTപദ്ധതി – അവലോകനം | 3-33 |
| 52 | അമൃത് പദ്ധതി – | 3-34 |
| ഭാഗം 4 | | |
| 53 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 56 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 60 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 63 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 64 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25/03/2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് ₹ 352,19,45,890 ഉം പ്രതീക്ഷിത ചെലവ് ₹344,05,07,544/- ഉം ആണ്. 23.03.2018ലെ റിവൈസ്ഡ് ബജറ്റ് പ്രകാരം വരവ് 3741649132 രൂപയും ചെലവ് 358,28,76,244 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.07.2018 | 13.09.2018 | 29.09.18 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 15-11-2018 മുതൽ 16-11-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1798/18(6) തീയതി 01-12-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17,31,72,521 |
| വരവ് | 43,25,65,529 |
| ആകെ | 60,57,38,050 |
| ചെലവ് | 44,33,65,498 |
| നീക്കിയിരിപ്പ് | 16,23,72,552 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 61276880 | 61276880 | 50872846 | 10404034 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 28628572 | 28628572 | 23192051 | 5436521 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 31213401 | 31213401 | 31209273 | 4128 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 13172933 | 13172933 | 12485131 | 687802 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 59235950 | 59235950 | 58997071 | 238879 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – (സ്റ്റേറ്റ്) | | 0 | 1850109 | 1850109 | 1143200 | 706909 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | 237213 | 49414 | 286627 | 240000 | 46627 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി (Revenue and capital expenditure) | 4065176 | 0 | 0 | 2429308 | 1193750 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 442118 | |
| | മെറ്റീരിയൽ ചെലവ് | | | | 0 | |
| | ആകെ | 4065176 | 0 | 0 | 2871426 | 1193750 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ – (ഐ.സി.ഡി.എസ്) | | 0 | 0 | 0 | 0 | 0 |
| TSC | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) : പട്ടികജാതി വികസനം | | 0 | 3635000 | 3635000 | 3434300 | 200700 |
| കേരളോൽസവം | | 0 | 35000 | 35000 | 35000 | 0 |
| വിമുക്തി | | 0 | 50000 | 50000 | 50000 | 0 |
| ബി ഫണ്ട് : തൊഴിൽ രഹിത വേതനം | | 0 | 48960 | 48960 | 48960 | 0 |
| വാർദ്ധക്യ കാല പെൻഷൻ | | 0 | 60466000 | 60466000 | 60466000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വിധവ പെൻഷൻ | | 0 | 31159500 | 31159500 | 31159500 | 0 |
| അവിവാഹിത പെൻഷൻ | | 0 | 2515700 | 2515700 | 2515700 | 0 |
| വികലാംഗ പെൻഷൻ | | 0 | 7515400 | 7515400 | 7515400 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | | 0 | 7066000 | 7066000 | 7066000 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | | 0 | 0 | 0 | 0 | 0 |
| നെല്ലുല്പാദന ബോണസ് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | കനറ ബാങ്ക് | 37656823 | 120194005 | 157850828 | 132397420 | 25453408 |
| | ട്രഷറി STSB | 13460939 | 55627725 | 69088664 | 27584955 | 41503209 |
| | TDCB FD | 45892 | 1853 | 47745 | 0 | 47745 |
| | e – payment-SBI | 40756 | 1212499 | 1253255 | 1110640 | 142615 |
| മറ്റിനം | ശുചിത്വ മിഷൻ | 12169963 | 494150 | 12664113 | 0 | 12664113 |
| | ക്ലീൻ കേരള | 1204363 | 44861 | 1249224 | 0 | 1249224 |
| | പി.എം.എ.വൈ | 11150000 | 38415867 | 49565867 | 47158903 | 2406964 |
| | AMRUT | 100001 | 13718107 | 13818108 | 3424957 | 10393151 |
| | PRASAD | 0 | 32637254 | 32637254 | 14379108 | 18258146 |
| | UIDSSMT | 64362420 | 1500383 | 65862803 | 39618276 | 26244527 |
| | സ്വച്ഛ ഭാരത് | 7747061 | 617226 | 8364287 | 206047 | 8158240 |
| | ട്രഷറി | 18178 | | | | 18178 |

നഗരസഭ ലഭ്യമാക്കിയ പ്രൊഫോർമയിലെ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ആയതിൽ പലതും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (39/29.05.19) മറുപടി ലഭ്യമാക്കിയില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 435 | 315237607 | 297 | 186223946 | | | 68% |

# 1-7 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4065176 | 0 | 4065176 | 442118 | 1193750 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 0 | | 2429308 | |
| ആകെ | 4065176 | 0 | 4065176 | 2871426 | 1193750 |

# 1-8 ക്ഷേമ പദ്ധതികൾ

വാർഷിക കണക്കു പ്രകാരമുള്ള ക്ഷേമപദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47420 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 7066000 | 690 |
| വിധവാപെൻഷൻ | 31159500 | 2799 |
| വാർദ്ധക്യകാലപെൻഷൻ | 60466000 | 4653 |
| വികലാംഗ പെൻഷൻ | 7517400 | 698 |
| 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2515700 | 237 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-05-2019 തീയതിയിൽ 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 40,222/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>1.ബജറ്റിംഗ് ആഭ്യന്തര നിയന്ത്രണത്തിന് –</u> ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ |
|---|---|
| വരവ് – 3741649132 | വരവ് – 432565529 (OB ഉൾപ്പെടുത്താതെ) |
| ചെലവ് – 3582876244 | ചെലവ് – 443365498 |

സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന് പരമ പ്രധാനമായ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>2.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല.</u>

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)(ii)(iv) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പലിറ്റി (അക്കൗണ്ട്സ്)ചട്ടങ്ങൾ 2007 ലെ ചട്ടം 57(1)&(2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മാസാന്ത്യ കണക്കുകൾ തയ്യാറാക്കിയതായോ, അംഗീകരിച്ചതായോ കാണുന്നില്ല. 2017-18ൽ 1/2018 മുതൽ 3/18 വരെയുള്ള കണക്കുകൾ മാത്രമാണ് സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ചതായി കാണുന്നത്.

<u>3.പദ്ധതികൾക്ക് അന്തിമരൂപം നല്കുന്നതിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങളുടെ പങ്ക് നിർവ്വഹിക്കുന്നില്ല.</u>

പദ്ധതിക്ക് അന്തിമരൂപം നല്കുന്നതിന്റെ മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മറ്റിയും നല്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. പ്രവൃത്തികളുടെ ലിസ്റ്റ് അംഗീകരിച്ചുവെന്ന ഒറ്റവരി തീരുമാനം മാത്രമാണുള്ളത്. ഇതിന്മേൽ വിശദമായ ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല.

4. <u>പദ്ധതികളിൽ വിശദമായ മോണിറ്ററിംഗ് നടക്കുന്നില്ല.</u>

പ്രോജക്റ്റ് മോണിറ്ററിംഗ് ചെയ്യേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പാണ്. അതിനായി പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി മാറേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി മാലിന്യസംസ്കരണത്തിനായി നിർമ്മിച്ച ഷെഡ്ഡുകളും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും, തൈക്കാട് പകൽവീട് തുടങ്ങിയവ ആസ്തി രജിസ്റ്ററിൽ ചേർത്തുകാണുന്നില്ല.

6. ഫ്രണ്ട് ഓഫീസിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദിവസവും ആയിരക്കണക്കിന് രൂപ അടവുവരുന്ന ക്യാഷ് കൗണ്ടറിൽ പ്രസ്തുത സംവിധാനത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ സൗകര്യങ്ങളില്ല. ടോക്കൺ സമ്പ്രദായം, ജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിട സൌകര്യങ്ങൾ, ഹെൽപ് ഡെസ്ക് എന്നിവയില്ല.

7.ഓഫീസ് ഉത്തരവുകൾ വഴി കൃത്യമായി ജോലി വിഭജനം നടത്തി താഴെ തട്ടിലുള്ളവർക്ക് ഉത്തരവാദിത്തം ഏല്പിച്ചതായി കാണുന്നില്ല. ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

8. ഫയലുകൾ യഥാവിധി കൈകാര്യം ചെയ്യുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ പല ഫയലുകളിലും പ്രധാനപ്പെട്ട രേഖകൾ ഇല്ല. ഉദാഹരണമായി മരാമത്ത് ഫയലുകളിൽ ബിറ്റുമിന്റെ വില കണക്കാക്കിയതിന്റെ വിവരമില്ല. കൂടാതെ, ട്രഷറി ബില്ലുകൾ, പ്രോജക്റ്റ് തുടങ്ങിയവയും ഇല്ലായിരുന്നു. ഫയലുകളിൽ പേജുനമ്പറുകൾ ചേർത്ത് കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രധാനപ്പെട്ട രേഖകൾ പോലും നഷ്ടപ്പെട്ടാൽ അറിയാനാകില്ല.

9.വാങ്ങുന്ന സാധനങ്ങൾ പലതും സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ ആരും സാക്ഷ്യപ്പെടുത്തുന്നില്ല. മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് ചേർക്കുന്നില്ല. ഓരോ വർഷാവസാനവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

10. കൗണ്ടറിൽ ക്യാഷ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് തന്നെയാണ് അതാത് ദിവസത്തെ കളക്ഷൻ സൂക്ഷിച്ചുവയ്ക്കുന്നതും. ഇത് ശരിയായ നടപടിയല്ല. കൗണ്ടർ ക്ലാർക്ക് അതാത് ദിവസം കളക്റ്റ് ചെയ്ത തുക അക്കൗണ്ടന്റിനെ അല്ലെങ്കിൽ അതിനായി നിയോഗിക്കപ്പെട്ടയാളെ അന്നത്തെ ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ സഹിതം ഏൽപിക്കേണ്ടതാണ്.

10. അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-05-2016 | 2015-16 | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/05/2011 | 2010-11 | ലഭ്യമാക്കിയില്ല |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. ഡേ ബുക്ക്, ബാങ്ക് ബുക്ക്, റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. Grant in aid to orphanages എന്ന ഇനത്തിൽ ACR പ്രകാരം വരവു വന്ന 2681013 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

3. കനറാബാങ്ക് (സാലറി അക്കൗണ്ട്) അക്കൗണ്ടിൽ നിന്നും നഗരസഭ നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക 'Liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് B-7, ഷെഡ്യൂൾ പ്രകാരം ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള 21225376.63രൂപയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. RP7 (Income from investments) പ്രകാരം ഡിവിഡന്റ് ഇനത്തിൽ 4250/-രൂപ വരവുണ്ട്. ബി 12 ഷെഡ്യൂൾ പ്രകാരം 5,00,000/-രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിക്ഷേപ സാക്ഷ്യപത്രങ്ങളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

6. പരസ്യനികുതി, വിനോദ നികുതി എന്നിവയുടെ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ, ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല ആയതിനാൽ ഈ ഇനങ്ങളിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഡിപ്രീസിയേഷനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

8. കോ ഓപ്പറേറ്റീവ് അർബൻ ബാങ്കിലുള്ള നഗരസഭയുടെ താഴെ പറയുന്ന അക്കൗണ്ടുകൾ നിഷ്ക്രിയമായതിനാൽ ക്ളോസ്ചെയ്ത് RBI യുടെ Deaf അക്കൗണ്ടിലേക്ക് മാറ്റിയതായി ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ താഴെ പറയും വിധം നീക്കിയിരിപ്പ് ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 102100100004374 | 49566.62 |
| കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 102100100003907 | 36055 |

9. വാടക ലേലം ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും റെന്റ് ഡെപ്പോസിറ്റ്, Auction Deposit എന്നീ ശീർഷകങ്ങളിലേക്ക് മാറ്റിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ലെഡ്ജറുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ Rent Receivables From Civil Amenities, Rent Deposit, Lorry, Taxi, Auto and other vehicles Stand Fees, auction Deposit എന്നീ ശീർഷകങ്ങളിലെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായിട്ടില്ല.

10. തൊഴിലില്ലായ്മ വേതനം ഇനത്തിൽ 2013-14 വർഷത്തിലെ റീഫണ്ട് വന്ന 1540/- രൂപ 17-18 വർഷത്തിൽ യഥാർത്ഥത്തിൽ വിതരണം ചെയ്ത 48960/-രൂപയിൽ നിന്നും കുറവു ചെയ്ത്, 47420/-രൂപ മാത്രമാണ് RP6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. .

11. താഴെ ഫറയുന്ന അക്കൗണ്ടുകളുടെ ട്രഷറി /ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് /പാസ്സ്ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല.

| അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|
| TPA254 | 3365 |
| MFA 904/1 | 1371362 |
| TPA 335 | 304149 |
| VPF OLD (Thaikkad) | 19375 |
| Treasury Thaikkad Zonal | 23469 |
| Treasury Pookode Zonal | 18178 |
| Canara Bank NRY | 3000 |
| Old VPF Pookode | 1375419 |

12. Amrut (കനറാബാങ്ക്), Prasad (പഞ്ചാബ് നാഷണൽ ബാങ്ക്) എന്നീ സ്കീമുകളുടെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭിച്ചില്ല. Prasad സ്കീമിൽ 28/03/18 ന ചെലവു വന്ന 99446/-രൂപക്ക് ബാങ്ക് ബുക്കിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല.

13. RP 5 – Sale and hire charges എന്ന ശീർഷകത്തിലെ വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ, ഡി.ഡി.ബി പത്രികകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

14. പെർമിറ്റ് കളക്ഷൻ രജിസ്റ്ററുകൾ പ്രകാരം പെർമിറ്റ് ഫീ ആകെ വരവ് 922451/- രൂപയാണ്. എന്നാൽ RP 4 ഷെഡ്യൂൾ പ്രകാരം 511308/- രൂപയാണ്.

വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

15. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

16. വാർഷിക കണക്കുകൾ ബി 15 ഷെഡ്യൂളുകൾ പ്രകാരമുള്ള other Receivables Current 5323555, other Receivable Arrears 30345339 എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ പട്ടിക രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതിയുടെ ഡി.സി.ബി.സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കിലെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ക്രമത്തിൽ അടുക്കി സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി പരിശോധനയിൽ ബുദ്ധിമുട്ടുണ്ടായി. സ്റ്റേറ്റ്മെന്റുകളുടെ പരിശോധനയിൽ പല സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററിൽ ചേർത്തതായി കണ്ടില്ല.

ഉദാ: 1. ടെമ്പിൾ പോലീസ് സ്റ്റേഷന്റെ (വാർഡ് 13) 2017-18 ലെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി 24/08/17 ലെ 11701106897 രസീത് പ്രകാരം ഈടാക്കിയതായി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഡ് 13 ന്റെ തൊഴിൽ നികുതി രജിസ്റ്ററിൽ ടി സ്ഥാപനം ഉൾപ്പെട്ടതായി കാണുന്നില്ല.

2. Sanmarco Foods Pvt.Ltd. എന്ന സ്ഥാപനം (വാർഡ്-13) 2017-18 രണ്ടാം അർദ്ധവർഷത്തിൽ നികുതി അടവാക്കിയതായി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (രസീറ്റ് നം.11801114211 തീയതി 14/02/2018) ടി സ്ഥാപനം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 2017-18 ഒന്നാം അർദ്ധവർഷത്തെ നികുതി അടച്ച വിവരങ്ങൾ സ്റ്റേറ്റ്മെന്റിലോ രജിസ്റ്ററിലോ ഇല്ല.

3. പല സ്ഥാപനങ്ങളും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഒരുമിച്ച് അടവാക്കിക്കാണുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃത പിഴപലിശ ഈടാക്കിയില്ല.

| സ്ഥാപനത്തിന്റെ പേര് | കാലയളവ് | തുക അടവാക്കിയ വിവരങ്ങൾ |
|---|---|---|
| ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് ലിമി. | 2017-18 ഒന്നാം അർദ്ധവർഷം | 1071/-, 11701164901 തീയതി.14/11/17 |
| രാധാകൃഷ്ണ കുറീസ് | ,, | 2700/-, 11701114503 തീയതി.16/02/18 |
| ഹോട്ടൽ ശ്രീഗോകുലം ശബരി | ,, | 18300/-, 11701113806 തീയതി.07/02/18 |

4. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി.

ശ്രീ ഗോകുലം ശബരി ഹോട്ടൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി താഴെ പറയും പ്രകാരം കുറവായി ഈടാക്കിക്കാണുന്നു.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 2017-18 ഒന്നാം അർദ്ധവർഷം | | | | |
| അഭിലാഷ്.കെ.കെ. | 69052 | 600 | 450 | 150 |
| അനീഷ് കുമാർ | 78096 | 750 | 600 | 150 |
| ബാലകൃഷ്ണൻ | 93323 | 750 | 600 | 150 |
| ബിജു.എച്ച്. | 79937 | 750 | 600 | 150 |
| ഗോപിനാഥൻ.എച്ച് | 129736 | 1250 | 750 | 500 |
| ഹരിനാരായണൻ | 62471 | 600 | 450 | 150 |
| ജാൻസി രാജു | 79372 | 750 | 600 | 150 |
| കൃഷ്ണപ്രസാദ്.വി.എം | 64013 | 600 | 450 | 150 |
| മധു.പി.വി. | 66423 | 600 | 450 | 150 |
| റഫീഖ്.ടി.എം. | 63310 | 600 | 450 | 150 |
| സുകേശൻ.എം. | 75966 | 750 | 600 | 150 |
| രാജീവ്.ഒ. | 64174 | 600 | 450 | 150 |
| വിജയൻ.കെ. | 63868 | 600 | 450 | 150 |
| വിനീത് സുതൻ | 69078 | 600 | 450 | 150 |
| 2017-18 രണ്ടാം അർദ്ധ വർഷം | | | | |
| ഗിരീഷ് കുമാർ.എൻ.വി. | 132274 | 1250 | 1000 | 250 |
| ഗോപാലകൃഷ്ണൻ.എം. | 61798 | 600 | 450 | 150 |
| മോഹനൻ.വി. | 80500 | 750 | 600 | 150 |
| മോഹൻദാസ്.എൽ | 76087 | 750 | 600 | 150 |
| ശങ്കരക്കുറുപ്പ് | 66302 | 600 | 450 | 150 |
| സന്തോഷ് കുമാർ | 64574 | 600 | 450 | 150 |
| ഉണ്ണി.സി. | 75919 | 750 | 600 | 150 |
| | ആകെ | | | 3600 |

ഈടാക്കുന്നതിൽ കുറവ് വന്ന തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. കേരള മുനിസിപ്പാലിറ്റീസ് ആക്ട് 249, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ (ചട്ടം 5) എന്നിവ പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് (നിയമം 250), 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ ചട്ടം 6

എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതാണ്. 2017-18 വർഷത്തിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഭാവിയിൽ മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പ്രദേശത്ത് തൊഴിലെടുക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-2 ഡി&ഒ ലൈസൻസ് - അപാകതകൾ

1. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ വ്യാപാരികളുടെ പ്രതിദിന വിറ്റുവരവ്, സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം മുതലായവ രേഖപ്പെടുത്തിയിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത് പ്രതിദിന വിറ്റുവരവ് തുകയുടെ അടിസ്ഥാനത്തിലായതിനാൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല. കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് വാങ്ങുന്നതിനുള്ള സാധ്യതയും നഷ്ടമാകുന്നു. മേൽ വിവരങ്ങൾ ഡി&ഒ അപേക്ഷകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അപേക്ഷകളിൽ മിക്കവയിലും അന്വേഷണ റിപ്പോർട്ട്, ശുപാർശ,തീരുമാനം എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ലൈസൻസ് പുതുക്കുമ്പോൾ സാധുവായ വാടകക്കരാർ കെട്ടിട ഉടമയുമായി നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് കരാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3. കെട്ടിടനമ്പർ 18/365 ൽ പ്രവർത്തിക്കുന്ന മധുരലോഡ്ജ് എന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതിപത്രം ലഭിക്കുമ്പോൾ ഹാജരാക്കാമെന്ന ഉടമയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെങ്കിലും അനുമതി പത്രം ലഭിച്ചതായി ഫയലിൽ കാണുന്നില്ല. ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിന് മുൻപായി ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും അപേക്ഷയോടൊപ്പമുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4.ഡി&ഒ ലൈസൻസ് ഡി.സി.ബി.സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം ബാലൻസ് ഷീറ്റിൽ 2017-18 വർഷത്തെ കുടിശ്ശിക 23,402/- രൂപയാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 23-ാം വാർഡിൽ 11 മുതൽ 40 വരെയുള്ള കടമുറികൾ ഗുരുവായൂർ നഗരസഭയുടേതായിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം മേൽ കടമുറികൾ വാടകയ്ക്ക് നൽകിയതായി കാണുന്നു. ഡി&ഒ രജിസ്റ്റർ പ്രകാരം അവയിൽ 9 എണ്ണം മാത്രമേ ലൈസൻസ് എടുത്തതായി കാണുന്നുള്ളു.

മാത്രമല്ല 'സഞ്ചയ' പ്രകാരം 23-ാം വാർഡിൽ കടമുറികൾ, ബങ്കുകൾ, ലോഡ്ജ് എന്നീയിനങ്ങളിലായി 170 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 90കടമുറികൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുവാൻ ഫീൽഡ്തല പരിശോധന നടത്തേണ്ടതാണ്.

# 2-3 വസ്തുനികുതി സംബന്ധിച്ച്

<u>വസ്തുനികുതി കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായിട്ടില്ല.</u>

നഗരസഭ മെയിൻ ഓഫീസ്, തൈക്കാട്, പൂക്കോട് സോണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ വസ്തുനികുതി പിരിച്ചെടുക്കുന്നത് മാനുവൽ രസീതുകൾ ഉപയോഗിച്ചാണ്. 'സഞ്ചയ' യിൽ കെട്ടിടങ്ങൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായിട്ടില്ല. ആയതിനാൽത്തന്നെ സാംഖ്യ-സഞ്ചയ സംയോജനം നടന്നിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.(49/29.05.19).

<u>വസ്തുനികുതി പിരിവ് സംബന്ധിച്ച്</u>

1. 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശിക തുക ലൈബ്രറി സെസ് ഉൾപ്പെടെ 12298910/- രൂപയാണ്. 2017-18 വാർഷിക കണക്കുകൾ പ്രകാരം തൻവർഷ ഡിമാന്റ് 34263242/- രൂപയാണ്. രസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം 2017-18 വർഷത്തിൽ 5831625/- രൂപ വസ്തുനികുതി കുടിശ്ശികയും 27385042 രൂപ തൻവർഷ വസ്തുനികുതിയും പിരിച്ചെടുത്തതായി കാണുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ അപൂർണ്ണമാണ്. വസ്തുനികുതി ഡി.സി.ബി.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

# 2-4 നഗരസഭയുടെ അധീനതയിലുള്ള കെട്ടിടമുറികളുടെ വാടക സംബന്ധിച്ച്

നഗരസഭയുടെ ഉടമസ്ഥതയിൽ ആകെ 17 കെട്ടിടങ്ങളും അതിൽ 170 മുറികളും 9 ബങ്കുകളുമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇവയിൽ കുട്ടികൃഷ്ണ

സ്മാരകകെട്ടിടത്തിലെ 12-ാം നമ്പർ മുറി കെ.എസ്.ഇ.ബി.യ്ക്ക് വാടകയ്ക്ക് നൽകിയിരുന്നതും 2017 ആഗസ്റ്റ് 17 -ാം തീയതി വാടക ഒഴിയുകയും ചെയ്തതാണ്. അതിന് ശേഷം 2018 ജൂലായ് വരെ മുറി ഒഴിഞ്ഞു കിടന്നു. വാടക സംബന്ധിച്ച ഓഡിററ് അന്വേഷണത്തിന് (അന്വേഷണം നം.34/24.05.19) ലഭ്യമാക്കിയ മറുപടി പ്രകാരം 2017-18 വർഷത്തിൽ മറ്റ് കടമുറികൾ ഒന്നും ഒഴിഞ്ഞു കിടന്നിട്ടില്ല.

1. മേൽ വിഷയം സംബന്ധിച്ച വാടക രജിസ്റ്ററുകൾ, കരാറുകൾ എന്നിവ പരിശോധിച്ചപ്പോൾ 2017-18 വർഷത്തിൽ കടമുറികൾ സംബന്ധിച്ച കരാർ നിബന്ധകൾ മുദ്രപത്രത്തിൽ അച്ചടിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിക്കവയിലും ലൈസൻസറോ, ലൈസൻസിയോ ഒപ്പ് വെച്ചതായി കണ്ടില്ല. ആയതിനാൽത്തന്നെ അവ സാധുവായ കരാറുകളായി കണക്കാക്കാവുന്നതല്ല.

2. 2017-18 വർഷത്തിൽ പല കടമുറികൾക്കുമായി 2731104 രൂപ വാടകക്കുടിശ്ശിക ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് അയച്ച് 2018-19 വർഷത്തിൽ കുടിശ്ശിക പൂർണ്ണമായി അടവാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകളിൽ വാടക വൈകിയാലുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

# 2-5 കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച്

(എ) <u>കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം</u>

മുനിസിപ്പാലിറ്റിയിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തറവിസ്തീർണ്ണാനുപാതം, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ച Addition / Extention പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള നിരീക്ഷണങ്ങൾ നടത്തുന്നതിന് കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ഉപയോഗപ്പെടാതെ വരുന്നു. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം മുനിസിപ്പാലിറ്റിയെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ പൂർത്തീകരണപ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. കെട്ടിടനിർമ്മാണ രജിസ്റ്ററിലെ മേൽ അപാകതകൾ മൂലം മുനിസിപ്പാലിറ്റിക്ക് പെർമിറ്റ് ഫീസ്, വസ്തുനികുതി എന്നീയിനങ്ങളിൽ വരുമാനനഷ്ടസാധ്യതയുണ്ട്. രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ബി) <u>കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 146(3) പ്രകാരം നിശ്ചിത മാതൃകയിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുകയോ ക്രമവത്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 2-6 ബാങ്ക് അക്കൗണ്ടുകൾ - പരിപാലനത്തിലെ അപാകതകൾ

1.ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1.സെക്രട്ടറിയുടെ പേരിൽ ഗുരുവായൂർ കോഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ തൈക്കാട് ശാഖയിൽ ഉള്ള അക്കൗണ്ട് (നം.2419)വാർഷികകണക്കിൽ ഇല്ല.ഇതിൽ 31.3.11ന് 377097രൂപ ബാക്കി ഉണ്ട്.പിന്നീട് പാസ്ബുക്കിൽ യാതൊരു വിവരങ്ങളും ഇല്ല.

2.ലൈഫ് പദ്ധതിക്കായി കേരള ഗ്രാമീൺബാങ്ക് ഗുരുവായൂർ ശാഖയിൽ 5.3.18 ന് ആരംഭിച്ച 40304101023901 നം.അക്കൗണ്ട് വാർഷികകണക്കിൽ ഇല്ല. പാസ്ബുക്കിൽ യാതൊരു വിവരങ്ങളും ചേർത്തിട്ടില്ല.

ബാങ്ക് പാസ്ബുക്കുകൾ യഥാസമയം കാലികമാക്കുന്നില്ല,ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നില്ല.

1.ക്ലീൻ കേരള പദ്ധതിക്കായുള്ള അക്കൗണ്ടിൽ (67016192404 – SBT ഗുരുവായൂർ ) 25.3.17 ന് ശേഷം ഇടപാടുകൾ നടത്തിയതായി കാണുന്നില്ല.1204363രൂപ അക്കൗണ്ടിൽ ഉണ്ട്.

2.UIDSSMT – കാനറാബാങ്ക് – 0838101042586

31.1.19 ന് 27310159രൂപ ബാക്കിയുണ്ട്.പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല.

പദ്ധതികൾ അവസാനിപ്പിച്ചുവെങ്കിലും ബാങ്ക്അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

1.IHSDP അക്കൗണ്ട് നം.4275000100525513 – പഞ്ചാബ് നാഷണൽ ബാങ്ക് – 3.10.17 നശേഷം പാസ്ബുക്കിൽ വിവരങ്ങൾ ചേർത്തിട്ടില്ല. 210669.34രൂപ ബാക്കിയുണ്ട്.

2.SJSRY – ഇന്ത്യൻ ബാങ്ക് – 509688556

5.4.19ന് 289959രൂപ അക്കൗണ്ടിൽ ബാക്കിയുണ്ട്. എന്നാൽ 2017-18 വാർഷികകണക്കിൽ ഈ അക്കൗണ്ടിൽ ബാലൻസ് ഇല്ല എന്നാണ് ചേർത്തിട്ടുള്ളത്. (3.2.17 ന് 1811212.40 രൂപയും 26.3.18ന് 278453രൂപയും അക്കൗണ്ടിലുണ്ട്.)

3.NRY

വാർഷികകണക്ക് പ്രകാരം 3000രൂപ ബാക്കിയുണ്ട്.പാസ്ബുക്ക് ലഭ്യമാക്കിയില്ല.

ഇടപാടുകൾ ഇല്ലാത്തതും പദ്ധതികൾ അവസാനിപ്പിച്ചതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക അതാത് ഏജൻസികൾക്ക് തിരികെ നൽകേണ്ടതാണ്.

ആക്ടീവ് അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ യഥാസമയം കാലികമാക്കി റീകൺസിലിയേഷൻ ചെയ്ത് വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭ അധികാരികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ AMC -അപാകതകൾ

പ്രോജക്റ്റ് നം.348/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

ട്രഷറി ബിൽ നം.45/14-2-18 Rs.656657/-

" 75/23-3-18 Rs.643523
ആകെ -1300180/-

2012-13 വർഷം മുതൽ 30-9-17 വരെ യാതൊരു ടെണ്ടർ നടപടികളുമില്ലാതെ M/S E-ran Associates എന്ന സ്ഥാപനത്തെയാണ് തെരുവ് വിളക്കുകളുടെ AMC നഗരസഭ ഏല്പിച്ചിരുന്നത്. 2016-17 വർഷത്തെ കരാർ തുക 2678898/- രൂപയായിരുന്നു. ഇത്രയും വലിയ തുക പ്രോജക്റ്റായി ഉൾപ്പെടുത്താതെ തനത് ഫണ്ടിൽനിന്നും കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുത്തി അനുവദിക്കുകയായിരുന്നു. എന്നാൽ 2017-18 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 15ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ടെണ്ടർ നടത്തുകയുമായിരുന്നു. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/S E-ran Associates ന് 2626627/- രൂപക്ക് കരാർ നല്കുകയായിരുന്നു. 1/10/17 മുതൽ ഒരു വർഷത്തേക്കാണ് കരാർ. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്റ്റ് നം. 245/18- പ്രകാശനഗരം പദ്ധതിക്കായി തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കിയത് 1855 ആയിരുന്നു. എന്നാൽ AMCക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ എണ്ണം കണക്കാക്കിയത് താഴെ പറയുംപ്രകാരം 4668 ആയാണ്.

| ഇനം | എണ്ണം | ഇനം | എണ്ണം |
|---|---|---|---|
| 40w Single tube | 1656 | LED light | 100 |
| 2x40 Double tube | 815 | SV lamp 250w | 42 |
| 36wCFL | 996 | High mast | 5 |
| CFL ordinary | 590 | Low mast | 2 |
| S.V.lamp 100w | 458 | High mast LED | 4 |

യഥാർത്ഥത്തിൽ നഗരസഭയിൽ ഉള്ള തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം എവിടേയും ലഭ്യമല്ല. ആയതിനാൽ ഇക്കാര്യത്തിൽ നഷ്ടം സംഭവിക്കുന്നുണ്ടോ എന്നത് കണക്കാക്കാനാവുന്നില്ല.

2. പ്രോജക്റ്റ് നം 245/18 പ്രകാരവും, 164/18 പ്രകാരവും മറ്റ് തരത്തിൽപ്പെട്ട തെരുവ് വിളക്കുകളെല്ലാം LED ലൈറ്റുകളാക്കി മാറ്റിയിട്ടുണ്ട്. ഇവക്ക് ഏറ്റവും ചുരുങ്ങിയത് ഒരു വർഷത്തെയെങ്കിലും വാറന്റിയുണ്ടായിരിക്കും. ആയതിനാൽ 2017-18 ൽ തെരുവ് വിളക്കുകളുടെ AMC ക്കായി തുക ചെലവഴിച്ചത് തികച്ചും അനാവശ്യമായിരുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

3. M/S E-ran Associates എന്ന സ്ഥാപനത്തിൽനിന്നും 2% നിരക്കിൽ ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അടവാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.36/26-5-19) മറുപടി ലഭ്യമാക്കിയില്ല.

വ്യക്തമായ വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ 1300180/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 പ്രകാശ നഗരം പദ്ധതി- എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്റ്റ് നം. 245/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

ട്രഷറി ബിൽ നം.131/26-8-17 Rs.154462

" 132/ " Rs.1178060

" 134/ " Rs.1778177

" 135 " Rs. 1780768

ആകെ Rs.4891467/-

നഗരസഭയിലെ വിവിധ തരം തെരുവ് വിളക്കുകളെല്ലാം എൽ.ഇ.ഡി. ലൈറ്റുകളാക്കി മാറ്റുന്നതിനായിരുന്നു മേൽ പദ്ധതി. ഇതിനായി 2017-18 വർഷത്തിൽ മേൽ പ്രകാരം ആകെ 4891467/- രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ കണക്കെടുത്തത് പ്രകാരം ആകെ 1855 എണ്ണം വിവിധ തരത്തിൽപ്പെട്ട ലൈറ്റുകൾ ഉള്ളതായി കണ്ടെത്തുകയും, ആയതുപ്രകാരം 1855 എണ്ണം എൽ.ഇ.ഡി. ലൈറ്റുകളുടെ Supply and Installation നാണ് ടെണ്ടർ ക്ഷണിച്ചത്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷന്റെ ഒന്നിന് 2468+tax എന്ന നിരക്ക് അംഗീകരിച്ച് കരാർ നല്കി. ഇൻവോയ്സ് നം B134/1-6-17 Rs.4936897/- പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതായി കാണുന്നു. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചത് താഴെ പറയും പ്രകാരമാണ്.

LED 25w 6k Supply - 3865820

GI clamp - 712320

Vat 5% - 228907

Dismantling 1206nos - 84420

@Rs.70
ആകെ =4891467

ഈ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ടെണ്ടറിൽ എവിടേയും Dismantling നെ കുറിച്ച് പറയുന്നില്ല. ഇതിനായി നിരക്കും ക്വാട്ട് ചെയ്തിരുന്നില്ല. ആയതിനാൽ എപ്രകാരമാണ് ഒന്നിന് 70/- രൂപയായി നിശ്ചയിച്ചത് എന്നത് വ്യക്തമല്ല.

2. Supply and installation നാണ് ടെണ്ടർ. എന്നാൽ വാങ്ങിയ ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നില്ല.

3. 1855 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും 1206 എണ്ണം മാത്രമേ dismantle ചെയ്തതായി കാണുന്നുള്ളൂ. ബാക്കിയുള്ളവ എവിടെ സ്ഥാപിച്ചുവെന്നത് വ്യക്തമല്ല.

4. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സപ്ലൈ ചെയ്ത സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. എന്നാൽ 24/3/18 ൽ പ്രകാശനഗരം പദ്ധതിക്കായിത്തന്നെ 635 എണ്ണം 25w 6k LED ലൈറ്റുകൾ എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിൽനിന്നും വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (File no.E4-565/18). എന്നാൽ ഇവ ഏത് പദ്ധതിപ്രകാരം വാങ്ങിയെന്നോ, എത്ര രൂപ ചെലവഴിച്ചുവെന്നോ, ഇത് സ്ഥാപിച്ചുവോ എന്നീ വിവരങ്ങളൊന്നും ലഭ്യമല്ല. 1855 എണ്ണം മാത്രം ആവശ്യമുള്ളപ്പോൾ 635 എണ്ണം അധികമായി വാങ്ങിയത് എന്തിനെന്ന് വ്യക്തമല്ല. മെർക്കുറി ഇലക്ട്രിക്കൽസുമായി കരാറുള്ളപ്പോൾ മറ്റൊരു സ്ഥാപനത്തിൽനിന്നും ലൈറ്റുകൾ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല.

5. ഇതുകൂടാതെ 2016-17 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായ 164/18- തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നതിനായി LED ലൈറ്റുകൾ വാങ്ങാനായി പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷനിൽനിന്നും 170 എണ്ണം 25w 6k LED ലൈറ്റുകൾ വാങ്ങിയതായും കാണുന്നു.

6. ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് KSEB യിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇല്ല. കൂടാതെ KSEB ക്ക് സൂപ്പർവിഷൻ ചാർജ്ജും കൊടുത്തതായി കാണുന്നില്ല.

7. LED ലൈറ്റുകളുടെ വാറന്റിയെക്കുറിച്ച് ടെണ്ടറിലോ, കരാറിലോ, ഫയലിലോ രേഖപ്പെടുത്തലുകളില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/25-5-19) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ 4891467/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-3 മുനിസപ്പൽ ഗ്രൌണ്ടിൽ 4മിനിമാസ്റ്റുകൾ സ്ഥാപിച്ചത്- കരാറുകാരന് 80810/- രൂപ അധികം നല്കി

പ്രോജക്റ്റ് നം. 246/18 (410/17)

File No.E4-2838/17

ട്രഷറി ബിൽ നം. 97/13-7-17 Rs.914220

" 149/18-1-18 Rs. 80810

നിർവ്വഹണ ഉദ്യോഗസ്ഥൻ – മുനി. എഞ്ചിനീയർ

മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷന്റെ ഒന്നിന് 228555/- (ആകെ 914220) എന്ന നിരക്ക് അംഗീകരിച്ച് കരാർ നല്കുകയായിരുന്നു. ഇതിൽ installation charge, KSEB ക്ക് അടവാക്കാനുള്ള തുക എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. എന്നാൽ ഇൻവോയ്സ് നം. B175/9-6-17, നം.3/9-6-17 എന്നിവ പ്രകാരം ആകെ 995030/- രൂപ സ്ഥാപനം ആവശ്യപ്പെടുകയും ആയത് മേൽ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് അനുവദിക്കുകയുമായിരുന്നു. ടെണ്ടർ പ്രകാരമുള്ള 914220/- രൂപ അനുവദിക്കേണ്ടതിനു പകരം 995030/- രൂപ അനുവദിച്ചതിലൂടെ നഗരസഭക്ക് 80810/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് അധിക തുക അനുവദിച്ച മുനിസിപ്പൽ എഞ്ചിനീയറിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.57/30-5-19) മറുപടി ലഭ്യമാക്കിയില്ല.

# 3-4 പൂക്കോട് വ്യവസായ എസ്റ്റേറ്റിൽ എസ്.സി. യുവജനങ്ങൾക്ക് വ്യവസായം ആരംഭിക്കാൻ ഷെഡ്ഡ് നിർമ്മാണം - പ്ലാൻ ഫണ്ടിൽനിന്നും 29905/- രൂപ അധികം പിൻവലിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്റ്റ് നം. 190/18

M.B.No. 1/16-17

കരാറുകാരൻ - സി.പി.വിനോദ്കുമാർ

ട്രഷറി ബിൽ നം. 162/30-1-18 Rs.1267972/-

" 184/31-1-18 Rs.172072/-

ഫയൽ നം. ഇ1-20481/16

ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 1196200/- രൂപയായിരുന്നു. 6% സർവ്വീസ് ടാക്സ് തുകയായ 71772/- രൂപയും ചേർത്ത് 1267972/- രൂപ മേൽ ട്രഷറിബിൽ പ്രകാരം പിൻവലിച്ചിരുന്നു. ഇതിൽനിന്നും 50% സർവ്വീസ് ടാക്സ് തുകയായ 35882/- രൂപയും, 2.5% റിടെൻഷൻ തുകയായ 29905/- രൂപയും സെക്രട്ടറിയുടെ ട്രഷറി TSB അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരുന്നു. പിന്നീട് ഫൈനൽ ബിൽ പ്രകാരം റിടെൻഷൻ തുകയായ 29905/- രൂപ വീണ്ടും പിൻവലിച്ച് കരാറുകാരന് അനുവദിക്കുകയായിരുന്നു. ആയതിനാൽ സെക്രട്ടറിയുടെ TSB അക്കൗണ്ടിൽ കിടക്കുന്ന 29905/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

സർവ്വീസ് ടാക്സ് ഇനത്തിൽ പിൻവലിച്ച 71772/- രൂപയിൽ 35882/- രൂപ സെക്രട്ടറിയുടെ TSB അക്കൗണ്ടിലേക്ക് മാറ്റിയിട്ടത് സർക്കാരിലേക്ക് അടവാക്കിയോ എന്ന വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, ബാക്കി 50% തുകയായ 35890/- രൂപ കരാറുകാരന് അനുവദിച്ചിരുന്നു. എന്നാൽ ഈ തുക കരാറുകാരൻ സർവ്വീസ് ടാക്സിനത്തിൽ അടവാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ ടാക്സിനത്തിൽ 71772/- രൂപ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതുവരെ 71772/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 ട്രഞ്ചിംഗ് ഗ്രൗണ്ടിൽ വിൻഡ്രോ കമ്പോസ്റ്റിനായി ഷെഡ്ഡ് നിർമ്മാണം- തുറന്ന ടെണ്ടറിന്മേൽ നെഗോസിയേഷൻ നടത്തി കരാർ നല്കിയത് - ക്രമപ്രകാരമല്ല

പ്രോജക്റ്റ് നം. 396/18 അടങ്കൽ - 3500000/-

ഫയൽ നം. E1-11331/17

M.B.No. 3/16-17

കരാറുകാരൻ -സി.പി.വിനോദ്കുമാർ

ട്രഷറി ബിൽ നം. 160/30-1-18 Rs.1974806/-(1st &Partbill)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസപ്പൽ എഞ്ചിനീയർ

മേൽ പ്രവൃത്തിക്കായി തയ്യാറാക്കിയ 3500000/- രൂപയുടെ എസ്റ്റിമേറ്റിന് 21/9/17ൽ സാങ്കേതികാനുമതി ലഭിക്കുകയും, 26/9/17 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 7/10/17 ന് ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ ലഭിച്ച രണ്ട് ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്നതായിരുന്നു. എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടറുകൾ സ്വീകരിക്കാൻ നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവുകളൊന്നുമില്ല. ആയതിനാൽ ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സി.പി.വിനോദ്കുമാർ എന്ന കരാറുകാരനുമായി നെഗോസിയേഷൻ നടത്താൻ മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിക്കുകയും, തുടർന്ന് എസ്റ്റിമേറ്റിനേക്കാൾ 0.072% കുറവിന് കരാർ നല്കുകയായിരുന്നു.

കേരള പൊതുമരാമത്ത് ചട്ടങ്ങൾ, ചട്ടം 10, ഉപചട്ടം 11 പ്രകാരം തുറന്ന ടെണ്ടറിന്മേൽ നെഗോസിയേഷൻ നടത്താൻ പാടില്ലാത്തതാണ്. എന്നാൽ ഇതിനെ മറികടന്ന് നെഗോസിയേഷൻ നടത്തുകയായിരുന്നു. എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടറുകൾ സ്വീകരിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ റീ ടെണ്ടർ നടത്തേണ്ടതായിരുന്നു. മാത്രമല്ല, 1/10/17 മുതൽ Cost Index ൽ കാര്യമായ കുറവ് വന്നിരുന്നു ( 40.2ൽ നിന്നും 37.25 ആയി.). റീ ടെണ്ടർ ചെയ്യുകയായിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരികയും ഏകദേശം ഒരു ലക്ഷം രൂപ ലാഭിക്കാനും സാധിക്കുമായിരുന്നു.

ട്രഞ്ചിംഗ് ഗ്രൌണ്ടിൽ ഇതേ വർഷം തന്നെ ഇതേ ആവശ്യത്തിന് ഇതേ കരാറുകാരൻ തന്നെ മറ്റൊരു ഷെഡ്ഡും 1121362/- രൂപ ചെലവിൽ നിർമ്മിച്ചിരുന്നു (പ്രോജക്റ്റ് നം. 241/18). ആയതുകൊണ്ടുതന്നെ കരാറുകാരനെ സഹായിക്കാനാണോ ഇപ്രകാരം ചെയ്തതെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അടിയന്തിര സാഹചര്യത്തിലാണ് നെഗോസിയേഷൻ നടത്തിയതെന്നും, മാലിന്യ പ്രശ്നം വളരെ രൂക്ഷമായ സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്യേണ്ടിവന്നതെന്നുമാണ് കാണിച്ചിരിക്കുന്നത്. മാത്രമല്ല, ഫൈനൽ ബിൽ തുക 2931278.32 രൂപ വന്നിട്ടുള്ളൂ എന്നതിൽനിന്നും കരാറുകാരനെ സഹായിക്കാനല്ല ഇപ്രകാരം ചെയ്തതെന്ന് വ്യക്തമാണെന്നും കാണിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ചട്ടങ്ങൾ കൃത്യമായി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 കൗൺസിൽ തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല.

താഴെ പറയുന്ന കൗൺസിൽ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനായി ഓഡിറ്റ് എൻക്വയറി നം.39/28-5-19 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. 28-3-17 ലെ തീ.നം.19 (File no.H1-20274/16)

നഗരസഭ ചൂൽപുറത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ശുചിത്വ മിഷനിൽനിന്നും ലഭിച്ച ഒരു കോടി അഞ്ച് ലക്ഷം രൂപ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ പദ്ധതി (Aerobic Technology) IRTC വഴി നടപ്പിലാക്കാൻ തീരുമാനിച്ചു. ശുചിത്വ മിഷനിൽനിന്നും ആകെ എത്ര രൂപ ലഭിച്ചുവെന്നും, ഇത് ഏത് അക്കൌണ്ടിൽ നിക്ഷേപിച്ചുവെന്നും, ഈ പദ്ധതിക്കായി വിശദമായ DPR, എസ്റ്റിമേറ്റ്, IRTC യുമായുണ്ടാക്കിയ കരാർ, നാളിതുവരെ ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2. 31/5/17 ലെ തീരുമാനം നം.2( File no. E4-924/17)

തൈക്കാട് വില്ലേജിലെ സർവ്വേ നം 118 ലുള്ള 10 സെന്റ് ഭൂമിയും അതിലേക്കുള്ള വഴിയും സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനായി PWD IIIrd ഓവർസിയർക്ക് നല്കിയ 32500/- രൂപയുടെ അഡ്വാൻസ് ക്രമീകരിക്കുന്നതിന് തീരുമാനിച്ചു. മേൽ ഭൂമി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് പോക്കുവരവ് നടത്തിയതിന്റെ വിവരം, ആസ്തി രജിസ്റ്ററിൽ ചേർത്തുവോ എന്ന വിവരം, ഈ ഭൂമി ഏതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തിയോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-7 നഗരസഭ ടൗൺഹാളിലെ ഇരിപ്പിടങ്ങൾ നവീകരിക്കൽ - സർക്കാർ ഉത്തരവിലില്ലാത്ത ഇനം ടെണ്ടർ കൂടാതെ വാങ്ങിയത്- ക്രമപ്രകാരമല്ല.

പ്രോജക്റ്റ് നം. 243/18 (403/17)

ഫയൽ നം. E4-2925/17

ട്രഷറി ബിൽ നം.141/19-9-17 Rs.1500000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

മുനിസിപ്പൽ ടൗൺഹാളിലെ ഇരിപ്പിടങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഫൈബർ ചെയറുകൾ മാറ്റി Steel Chair with cushioned seat വാങ്ങാനായി 28-3-17 ലെ കൗൺസിൽ തീരുമാനം നം. 18 പ്രകാരം ടെണ്ടർ നടപടികളില്ലാതെ ARTCO യിൽനിന്നും വാങ്ങുകയായിരുന്നു. എന്നാൽ ARTCO യിൽനിന്നും ടെണ്ടർ നടപടികളില്ലാതെ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ (G.O.(Rt)No.32/2017/SPD Dt.6/6/17) അനക്സറിൽ ഈ ഇനം പരാമർശിച്ചിട്ടില്ല. അനക്സറിൽ ഇല്ലാത്ത ഇനങ്ങൾ ടെണ്ടർ നടപടികളില്ലാതെ വാങ്ങാൻ പാടില്ലാത്തതാണ്. മേൽ പ്രകാരം വാങ്ങിയ ചെയറുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. കൂടാതെ ടൗൺഹാളിലെ പഴയ ചെയറുകൾ എന്തു ചെയ്തുവെന്നതും വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 57/30-5-19). വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ 1500000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 സ്ട്രീറ്റ് മെയിൻ വലിക്കൽ- വിശദമായ എസ്റ്റിമേറ്റ്, കരാർ എന്നിവയില്ലാതെ 5982046/- രൂപ കൈമാറി- വിനിയോഗ വിവരമില്ല.

പ്രോജക്റ്റ് നം. 36/18

ഫയൽ നം. E4-17937/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

മേൽ പ്രവൃത്തിക്കായി ഗുരുവായൂർ, ചാവക്കാട്, കുന്ദംകുളം,പാവറട്ടി സെക്ഷനുകളിലായി 2017-18 വർഷം 5982046/- രൂപ അടവാക്കിയിട്ടുണ്ട്. വിശദമായ വിവരം താഴെ ചേർക്കുന്നു.

| ബിൽ വിവരം | സെക്ഷൻ | തുക |
|---|---|---|
| ട്രഷറി ബിൽ നം.156/18-1-18 | കുന്ദംകുളം | 784025 |
| " 169/17-2-18 | ചാവക്കാട് | 219885 |
| " 170/ " | " | 196800 |
| " 171/ " | " | 2425312 |
| " 172/ " | ഗുരുവായൂർ | 1298252 |
| " 176/ " | പാവറട്ടി | 1057772 |
| ആകെ | | 5982046 |

മേൽ പ്രകാരം 5982046/- രൂപ KSEB ക്ക് കൈമാറിയതിൽ 482627/- രൂപയുടെ മാത്രമേ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളൂ. പ്രവൃത്തിയുടെ ഇനം, അളവ്, യൂണിറ്റ് നിരക്ക്, തുക എന്നിവ ഉൾപ്പെടുത്തിയ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക കൈമാറാൻ പാടുള്ളൂ. മാത്രമല്ല, KSEB യുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലും, കരാർ ചമയ്ക്കാത്തതിനാലും, ഡെപോസിറ്റ് ചെയ്ത് ഒരു വർഷത്തിനുശേഷവും വിനിയോഗ, പൂർത്തീകരണ വിവരങ്ങളൊന്നും ലഭ്യമാക്കാത്തതിനാലും 5982046/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 GST കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളിൽ കരാറുകാരൻ GST അടവാക്കി എന്നുറപ്പാക്കുന്നില്ല.

1/11/17 ലെ സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ പ്രകാരം 1/7/17ന് ശേഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് GST ബാധകമാണെന്ന് പറയുന്നു. ഇതേ ഉത്തരവിൽ 31/3/18 വരെ TDS പിടിക്കേണ്ടതില്ല എന്നും പറയുന്നു. എന്നാൽ 2017-18 വർഷത്തിൽ മരാമത്ത് പ്രവൃത്തികളിൽനിന്നും TDS ഇനത്തിൽ 804936/- രൂപ ഈടാക്കുകയും, പിന്നീട് 18/7/18 ലെ 20ം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഇത് തിരികെ നല്കുകയും ചെയ്തു.

മുകളിൽ കാണിച്ച ഉത്തരവിൽ തന്നെ പ്രവൃത്തികളുടെ തരം അനുസരിച്ചുള്ള പട്ടികയുടെ അടിസ്ഥാനത്തിൽ GST കോമ്പൻസേഷൻ കരാറുകാർക്ക് അനുവദിക്കാമെന്നും പറയുന്നു. എന്നാൽ ഇതിനെതുടർന്ന് സർക്കുലർ നം ഡി.ബി.3-9058/17/സി.ഇ./തസ്വഭവ തീ.27/11/17 പ്രകാരം GST കോമ്പൻസേഷൻ അനുവദിക്കുമ്പോൾ കരാറുകാരൻ GST അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന് പറയുന്നു. എന്നാൽ നഗരസഭയിൽ GST കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളിലൊന്നും തന്നെ കരാറുകാരൻ GST അടവാക്കി എന്നുറപ്പാക്കുന്നതിനുള്ള രേഖകളൊന്നുംതന്നെയില്ല.

2017-18 ൽ ഇപ്രകാരം GST കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 5/17-5-2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് മറുപടിയോടൊപ്പം ലഭ്യമാക്കുകയുണ്ടായില്ല. മേൽ പ്രകാരമുള്ള പ്രവൃത്തികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി, കരാറുകാരൻ GST അടവാക്കിയതിന്റെ രേഖകൾ സഹിതം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-10 പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല -5015560 രൂപയുടെ ചെലവ് നിഷ്ഫലം

2017-18 വർഷം പൂർത്തീകരിച്ച പല കെട്ടിടങ്ങളും ഒരു വർഷത്തിനുശേഷവും ഉപയോഗപ്പെടുത്തുവാൻ നഗരസഭക്കായിട്ടില്ല. വിശദമായ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ചെലവ് തുക |
|---|---|---|
| 1 | പൂക്കോട് വ്യവസായ എസ്റ്റേറ്റിൽ യുവജനങ്ങൾക്ക് വ്യവസായ കെട്ടിടം-190/18 | 1440044/- |
| 2 | 189/18- പകൽവീട് നിർമ്മാണം തൈക്കാട് | 1394160 |
| 3 | 340/18- തൈക്കാട് പകൽവീട് പൂർത്തീകരണം | 391602 |
| 4 | 196/18- ടഞ്ചിംഗ് ഗ്രൌണ്ടിൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കൽ | 499978 |
| 5 | 358/18- പൂക്കോട് വനിതാ വ്യവസായ കേന്ദ്രം നവീകരിക്കൽ | 289776 |
| 6 | 354/18- തൈക്കാട് വനിതാവ്യവസായ കേന്ദ്രം നിർമ്മാണം | 1000000 |
| | ആകെ | 5015560 |

മേൽ പ്രകാരം 5015560/- രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ നാളിതുവരേയും ഉപയോഗപ്പെടുത്താനായിട്ടില്ല. ഇവയിൽ തൈക്കാട് പകൽവീടിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 11/2018ൽ ഉദ്ഘാടനവും കഴിഞ്ഞെങ്കിലും ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. ക്രമനം 1,6 എന്നിവയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. പൂക്കോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം പൂർത്തീകരിച്ചെങ്കിലും ആയത് ഇനിയും ഉപയോഗപ്പെടുത്താനായിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ നശിക്കാനിടവരുത്തുന്നത് പൊതുപണത്തിന്റെ ദുർവ്യയമായിത്തന്നെ കാണേണ്ടതാണ്.

# 3-11 പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ - അപാകതകൾ

(I) പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ താഴെപറയുന്ന പദ്ധതികളോടനുബന്ധിച്ച ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1)പ്രോജക്റ്റ് നം -52/17-18

പ്രോജക്റ്റിൻെറ പേര്-ലൈഫ് ഭവന പദ്ധതി

ബിൽ നം -68/17-18 തിയ്യതി-28-3-18

തുക-190000

2)പ്രോജക്റ്റ് നം -84/17-18

പ്രോജക്റ്റിൻെറ പേര്-വീട് നിർമ്മാണം വനിത (ജനറൽ)

ബിൽ നം – 9/17-18 തിയ്യതി-31-7-17 തുക-280000

ബിൽ നം – 13/17-18 തിയ്യതി-7-8-17 തുക-100000

ബിൽ നം – 35/17-18 തിയ്യതി-28-9-17 തുക-260000

ബിൽ നം – 42/17-18 തിയ്യതി-6-1-18 തുക-20000

ബിൽ നം -.---/17-18 തിയ്യതി------ തുക-60000

ആകെ-720000

3)പ്രോജക്റ്റ് നം -85/17-18

പ്രോജക്റ്റിൻെറ പേര്-വീട് നിർമ്മാണം വനിത (sc)

ബിൽ നം -3/17-18 തിയ്യതി-1-7-17.തുക-180000

ബിൽ നം -10/17-18 തിയ്യതി-31-7-17.തുക-30000

ബിൽ നം -19/17-18 തിയ്യതി-29-8-17.തുക-30000

ബിൽ നം -27/17-18 തിയ്യതി-15-9-17.തുക-30000

ബിൽ നം -33/17-18 തിയ്യതി- 28-9-17തുക-30000

ബിൽ നം -41/17-18 തിയ്യതി- 6-1-18തുക-150000

ആകെ-450000

4)പ്രോജക്റ്റ് നം -86/17-18

പ്രോജക്റ്റിൻെറ പേര്- സ്ഥലം വാങ്ങൽ വനിത (sc)

ബിൽ നം -39/17-18 തിയ്യതി6-1-18.തുക-900000
ബിൽ നം -44/17-18 തിയ്യതി-9-2-18.തുക-450000

ബിൽ നം -62/17-18 തിയ്യതി-23-3-18.തുക-450000

ബിൽ നം -73/17-18 തിയ്യതി-31-3-18.തുക-450000

ആകെ-900000

5)പ്രോജക്റ്റ് നം – 87/17-18

പ്രോജക്റ്റിൻെറ പേര്- വീട് പുനരുദ്ധാരണം (ജനറൽ)

ബിൽ നം -87/17-18 തിയ്യതി-31-3-18.തുക-12500

6)പ്രോജക്റ്റ് നം -88/17-18-so

പ്രോജക്റ്റിൻെറ പേര്-ഭവന നിർമ്മാണം (sc)

1)ബിൽ നം -7/17-18 തിയ്യതി-31-7-18 തുക-1260000
2)ബിൽ നം – 45/17-18 തിയ്യതി – 8-2-18 തുക-210000
3)ബിൽ നം – 70/17-18 തിയ്യതി – 28-03-18 തുക – 60000
4)ബിൽ നം – 28/17-18 തിയ്യതി – 15-09-17 തുക – 90000
5)ബിൽ നം – 36/17-18 തിയ്യതി – 28-9-17 തുക – 390000
6)ബിൽ നം – 60/17-18 തിയ്യതി – 23-03-18 തുക – 270000
7)ബിൽ നം – 40/17-18 തിയ്യതി – 28-03-18 തുക – 60000

ആകെ – 2340000

7)പ്രോജക്റ്റ് നം -89/17-18-so

അടങ്കൽ -2150000

ചെലവ് -775000

പ്രോജക്റ്റിൻെറ പേര്-ഭവന പുനരുദ്ധാരണം (sc)

1)ബിൽ നം – 11/17-18 തിയ്യതി – 28-7-17തുക – 75000
2)ബിൽ നം – 24/17-18 തിയ്യതി – 29-8-17 തുക – 25000
3)ബിൽ നം – 34/17-18 തിയ്യതി – 28-9-17 തുക – 150000
4) ബിൽ നം – 37/17-18 തിയ്യതി – 6-1-18തുക – 100000
5) ബിൽ നം – 46/17-18 തിയ്യതി – 8-2-18 തുക – 25000
6)ബിൽ നം – 52/17-18 തിയ്യതി – 13-3-18 തുക – 25000
7)ബിൽ നം – 61/17-18 തിയ്യതി – 23-03-18 തുക-50000

ആകെ – 775000

8)പ്രോജക്റ്റ് നം -90/17-18-so

പ്രോജക്റ്റിൻെറ പേര് – സ്ഥലം വാങ്ങൽ (sc)

അടങ്കൽ – 3600000

ചെലവ് – 3600000

1)ബിൽ നം – 43/17-18 തിയ്യതി – 8-2-18 തുക – 450000
2)ബിൽ നം – 2/17-18 തിയ്യതി – 17-6-17 തുക – 450000
3)ബിൽ നം – 5/17-18 തിയ്യതി – 30-6-17 തുക – 900000
4)ബിൽ നം – 8/17-18 തിയ്യതി – 31-7-17 തുക – 900000
5)ബിൽ നം – 20/17-18 തിയ്യതി – 29-8-17 തുക – 450000
6)ബിൽ നം – 30/17-18 തിയ്യതി – 25-9-17 തുക – 450000
ആകെ – 3600000

9)പ്രോജക്റ്റ് നം -91/17-18-s0

സ്ഥലം വാങ്ങൽ (ജനറൽ)

അടങ്കൽ -1400000

ചെലവ് – 800000

1) ബിൽ നം – 1/17-18 തിയ്യതി – 20-6-17 തുക – 200000
2)ബിൽ നം – 15/17-18 തിയ്യതി – 21-8-17 തുക – 400000
3)ബിൽ നം – 26/17-18 തിയ്യതി – 31-8-17തുക – 200000

ആകെ – 800000

10)പ്രോജക്റ്റ് നം – 92/17-18-s0

ഭവന പുനരുദ്ധാരണം (ജനറൽ)

അടങ്കൽ – 2150000

ചെലവ് – 362500
1)ബിൽ നം – 6/17-18 തിയ്യതി – 01-07-17 തുക – 225000
2)ബിൽ നം – 14/17-18 തിയ്യതി – 16-8-17 തുക – 12500
3)ബിൽ നം – 29/17-18 തിയ്യതി – 15-09-17 തുക – 12500
4)ബിൽ നം – 32/17-18 തിയ്യതി – 28-9-17 തുക – 75000
5)ബിൽ നം – 38/17-18 തിയ്യതി – 6-1-18 തുക – 12500
ബിൽ നം – 51/17-18 തിയ്യതി – 13-3-18 തുക – 25000

11)പ്രോജക്റ്റ് നം – 123/17-18-s0

ഭവന നിർമ്മാണം വനിത (sc)

അടങ്കൽ – 690000

ചെലവ് – 60000

ബിൽ നം – 25/17-18 തിയ്യതി – 29-8-17തുക-60000

12)പ്രോജക്റ്റ് നം – 429/17-18-s0

ഭവന നിർമ്മാണം വനിത (sc)

അടങ്കൽ -380000

ചെലവ് – 30000
ബിൽ നം – 23/17-18 തിയ്യതി – 29-8-17 തുക – 30000

13)പ്രോജക്റ്റ് നം – 43/17-18-s0

വീട് വെയ്ക്കുന്നതിന് ധനസഹായം (ജനറൽ)

അടങ്കൽ – 1280000

ചെലവ് – 80000

1)ബിൽ നം – 12/17-18 തിയ്യതി – 07-8-17 തുക – 60000
2)ബിൽ നം – 18/17-18 തിയ്യതി – 29-8-17 തുക-20000

മേൽ പ്രകാരമുള്ള പദ്ധതികളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ ,രജിസ്ററുകൾ, അപേക്ഷകൾ, ട്രഷറി ബില്ലുകൾ എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആകെ ചെലവു തുക 9510000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ll) 2)പ്രോജക്റ്റ് നം 52/17-18

പ്രോജക്റ്റിൻെറ പേര്-ലൈഫ് എസ് സി വിഭാഗം

അടങ്കൽ -5397000

ചെലവ് -2727333

ബിൽ നം 49/17-18 തി – 19-2-18 തുക – 320000

പ്രജിത കൊഴിക്കി എന്നവർക്ക് മേൽ ബിൽ പ്രകാരം

180000 രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരിയുടെ അപേക്ഷ പരിശോധിച്ചതിൽ 2015-16 ഭവന പദ്ധതി പ്രകാരം 30000 രൂപ കൈപ്പറ്റിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനനുസരിച്ചാണ് ലൈഫ് പദ്ധതി പ്രകാരം അനുവദിക്കേണ്ട വിഹിതം കണക്കാക്കിയിരിക്കുന്നത്. 2015-16 വർഷത്തെ രജിസ്ററർ പരിശോധിച്ചതിൽ ടിയാരി രണ്ടു ഗഡുക്കളായി 120000(40%) രൂപ കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാർക്ക് അർഹതയുള്ളത് 240000 രൂപയാണ്. എന്നാൽ മേൽ ബിൽ പ്രകാരം 180000 രൂപയും 2018-19 വർഷം 90000 രൂപയും അടക്കം ആകെ 270000 രൂപ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക 30000 രൂപ തിരികെ ഈടാക്കേണ്ടതാണ്. ലൈഫ് പദ്ധതിയിലുൾപെടുത്തി ധന സഹായം അനുവദിച്ച ഭൂരിഭാഗം പേരുടെയും ഭവന നിർമ്മാണം പൂർത്തിയായതിൻെറ രേഖ ഫയലിലില്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-12 ആശ്രയ പദ്ധതി

ഗുരുവായൂർ നഗരസഭയുടെ ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയിൽ പരിചരണ സേവനം ലഭിക്കേണ്ട ഗുണഭോക്താക്കളുടെ എണ്ണം, സേവന ലഭ്യമായവരുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | Ist പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ * | 86 | 126 |
| പ്രൊജക്ടു പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 46 | 17 |
| നാളിതുവരെ ലഭിച്ചവർ | 8 | 6 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 72 | 52 |
| നാളിതുവരെ ലഭിച്ചവർ | 11 | 19 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 54 | 34 |
| നാളിതുവരെ ലഭിച്ചവർ | 16 | 24 |
| കക്കൂസ് ആവശ്യമുള്ളവർ | 37 | 42 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 101 | 75 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |
| കറന്റ് ആവശ്യമുള്ളവർ | 4 | 86 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |

ജി.ഒ(എം.എസ്) 362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിത എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിനു ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം. സർക്കാർ ഉത്തരവ് (എം.എസ്) 80/2017 തസ്വഭവ തീയതി.03.04.17 പ്രകാരം ആശ്രയ പദ്ധതികൾ നടപ്പാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയിൽ ആവശ്യമായ സേവനങ്ങൾ ലഭ്യമാകാതെ നിലവിലുള്ളപ്പോഴും ആശ്രയ വിഭാഗക്കാർക്കുള്ള സേവനങ്ങൾ നടപ്പാക്കുന്നതിന് രൂപീകരിച്ച ആശ്രയ അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് |
|---|---|---|
| SBI | പ്ലാൻ ഫണ്ട് (അക്കൗണ്ട്) നം. Indian Bank GRI A/C.6023446933 | 31.03.18 – 2801364.25 |

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. ആശ്രയ ഗുണഭോക്താക്കളുടെ

വിവധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്റ്റ് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 പദ്ധതിച്ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല.

2017-18 വർഷം സെക്രട്ടറി സ്ഥിരോദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ താഴെ പറയുന്ന 2017-18 വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17, 2017-18 വർഷങ്ങളിലെ സുലേഖ പത്രിക, ധനകാര്യകമ്മീഷൻ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വെബ് സാംഖ്യ പ്രോജക്റ്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് എന്നിവയിൽ ഒന്നുതന്നെ പ്രസ്തുത പ്രൊജക്റ്റുകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല

2016-17 ൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ബിൽ നൽകിയ ഇവ Q ബില്ലിൽ ഉൾ പ്പെട്ടതിനാൽ 2017-18ൽ സ്പിൽഓവറായാണ് നടപ്പാക്കിയത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ് തുക |
|---|---|
| S059/18 – കൊതുകുനിവാരണപ്രവർത്തനങ്ങൾ | 189625 |
| S060/18 – ശുചീകരണസാമഗ്രികൾ വാങ്ങൽ | 173708 |
| S063/18 – CCTVകാമറ വാങ്ങൽ | 110000 |
| S064/18 – ഫോഗിംഗ് മെഷീൻ വാങ്ങൽ | 70560 |
| S066/18 – വയോമിത്രം പദ്ധതി – അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ | 126454 |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 32/24.5.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം ചെലവ് തുക വാർഷികകണക്കിൽ ഉൾപ്പെടാതെ വന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-14 CCTVക്യാമറ വാങ്ങിയത് നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്റ്റ് S063/18 – മാലിന്യംവലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിന് CCTVക്യാമറ വാങ്ങൽ

ബിൽ നം. – 3/17-18/29.4.17 – 110000
മേൽ പ്രൊജക്റ്റിന്റെ ഭാഗമായി MAS Low Voltage Systems Pvt Ltd, ഇടപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്ന് 4 ക്യാമറകൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

അപാകതകൾ

a)പദ്ധതി പൂർത്തിയാക്കിയില്ല.ക്യാമറ വാങ്ങിയതല്ലാതെ മറ്റ് നടപടികൾ പൂർത്തിയാക്കി ആയവ നാളിതുവരെ ഫിറ്റ് ചെയ്തിട്ടില്ല. ടെണ്ടറിൽ ഇൻസ്റ്റലേഷൻ, പരിപാലനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

b)ക്യാമറകൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

c)സ്ഥാപനം അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. മാത്രമല്ല ഒരേ ഇൻവോയ്സ് നമ്പറിൽ സ്ഥാപനം 4രീതിയിൽ ബിൽ തയ്യാറാക്കി കാണുന്നു.124000,120000,110000 എന്നിങ്ങനെയാണ് ബില്ലുകൾ.

d)യാതൊരു അടിസ്ഥാനസൗകര്യങ്ങളും ഒരുക്കാതെ ക്യാമറകൾ വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചു.ഉപകരണങ്ങളുടെ വാറന്റി നഷ്ടപ്പെടുകയും ചെയ്തു.

e)വൈദ്യുതി, ഇന്റർനെറ്റ്കണക്ഷൻ, Router, ഡിസ്ക് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വൈദ്യുതി കണക്ഷനായി 16.1.19ന് ചെക്ക് നം. 409005 പ്രകാരം 26390 രൂപ നല്കി.5.3.19ന് നെറ്റ് കണക്ഷൻ ലഭിക്കുന്നതിനായി BSNL ന് കത്ത് നൽകി. (ഓഡിറ്റ് എൻക്വയറി 32/24.5.19)

f)ലഭ്യമാക്കിയ ക്യാമറകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. ചാവക്കാട് റോഡിൽ കമ്പനിപ്പാലം, വടക്കേ ഔട്ടർ റിംഗ് റോഡിൽ ബ്രഹ്മപുത്ര ട്രാൻസ്ഫോർമർ, ട്രഞ്ചിംഗ് ഗ്രൗണ്ട്, കിഴക്കേ നടയിൽ AUP – സ്കൂളിന് മുൻവശം എന്നിവിടങ്ങളിലായിരുന്നു ക്യാമറ ഫിറ്റ് ചെയ്യുവാൻ ഉദ്ദേശിച്ചത്.

# 3-15 അമൃത് പദ്ധതിയ്ക്കായി പിൻവലിച്ച തുക നാളിതുവരെ അമൃത് പദ്ധതി അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ S481/18 – നഗരസഭയുടെ ഫുട്പാത്തുകളുടെ നിർമ്മാണം – അമൃത് പദ്ധതി – വിഹിതം കൈമാറൽ എന്ന പദ്ധതി പ്രകാരം 7200000/-രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും മേൽതുക അമൃത് അക്കൗണ്ടിലേക്ക് നാളിതുവരെ കൈമാറിയിട്ടില്ല.

ബിൽ നം. – 26/17-18/27.3.18–2400000

ബിൽ നം. – 27/17-18/27.3.18–2400000

ബിൽ നം. – 28/17-18/27.3.18–2400000
ആകെ – 7200000

മേൽ തുക നിലവിലും സെക്രട്ടറിയുടെ ടി എസ് ബി അക്കൗണ്ടിൽ (അക്കൗണ്ട് നം.713061400000016) തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി 32/24.5.19)

അമൃത് പദ്ധതിക്കായി നീക്കിവച്ച തുക അതാത് അക്കൗണ്ടിലേക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 ആദായനികുതി ഈടാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ S260/18 – പദ്ധതി രൂപീകരണനിർവഹണമോണിറ്ററിംഗ് ചെലവുകൾ എന്ന പദ്ധതിയിൽ അച്ചടി ജോലികൾ ചെയ്ത സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.

ഫയൽ നം. – E3-6136/17

ബിൽ നം. – 9/17-18/28.6.17 – 389480

ബിൽ നം. – 14/17-18/20.9.17 – 104200

ബിൽ നം. – 23/17-18/17.2.18–23272

അച്ചടി ജോലികൾക്കായി ബിന്ദിയ പ്രിന്റേഴ്സ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് 500370/- രൂപ മേൽപ്പറഞ്ഞ ബില്ലുകളിൽ നിന്ന് നൽകി. 385640രൂപ ജി.ശശിധരൻ എന്നയാളുടെ അക്കൗണ്ടിലും ബാക്കി തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലും ആണ് നൽകിയത്.

ഈ സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000 രൂപയിൽ കൂടുതൽ ഉള്ള ഓരോ കോൺട്രാക്ടിനും നികുതി ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 32/24.5.19)

നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 വിനിയോഗവിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

| പദ്ധതി | ബിൽ നം | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| S101/18 – എൈ.കെ.എം വിഹിതം കൈമാറൽ | 12/17 – 18/21.8.17 – 211568/- | Ikm, തിരുവനന്തപുരം |
| S417/18 – ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ | 18/17-18/17.10.17 – 50000/- | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ |
| S416/18 – IMAബ്ലഡ് ബാങ്ക് വിഹിതം | 20/17-18/17.10.17 – 100000/- | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ |
| S415/18 – ABC പ്രോഗ്രാമിന് തുക നൽകൽ | 19/17-18/17.10.17-100000 | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ |
| S261/18 – വയോമിത്രം പദ്ധതി വിഹിതം കൈമാറൽ | 13/17-18/21.8.17 – 1000000 | Social security mission, തിരുവനന്തപുരം |

വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 സാധനങ്ങൾ വാങ്ങൽ നടപടികൾ - അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ വാങ്ങുന്ന നടപടിക്രമങ്ങളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I).ആവശ്യകതാനിർണ്ണയം നടത്തുന്നില്ല

മുൻവർഷങ്ങളിലെ ഉപയോഗം മുൻനിർത്തി തൻവർഷത്തേക്കുള്ള ആവശ്യകതാനിർണ്ണയം നടത്തുന്നില്ല.

II).കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓരോ വർഷവും വാങ്ങുന്ന ഇനങ്ങൾ സ്റ്റോക്ക് വിതരണം ബാക്കി എന്നരീതിയിൽ സൂക്ഷിക്കുന്നില്ല.ഒരേ ഇനങ്ങൾ വ്യത്യസ്ത പേജുകളിൽ ചേർത്ത് സൂക്ഷിക്കുകയാണ്.മുൻവർഷം വാങ്ങിയത് ബാക്കിയുണ്ടോ എന്നു പരിശോധിക്കപ്പെടുന്നില്ല.

a)S061/18 –എലി നശീകരണം

ബിൽ നം.--17/17-18/17.10.17 – 44100/-

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്ന് 3500 Rodofoe വാങ്ങി.

സ്റ്റോക്കിൽ എടുത്തതല്ലാതെ ഉപയോഗിച്ച വിവരം ചേർത്തിട്ടില്ല

b)S064/18-- സോണൽ ഓഫീസുകളിലേക്ക് ഫോഗിംഗ് മെഷീൻ വാങ്ങൽ

ബിൽ നം--2/17-18/29.4.17 – 70560/-

a)Kaico, Raidco, സൂര്യട്രേഡിംഗ് കമ്പനി എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. Kaico യിൽ നിന്നാണ് മെഷീൻ വാങ്ങിയത്. ഇത് സ്ഥാപനത്തിന്റെ ഉൽപ്പന്നമല്ല.

b)ഫോഗിംഗ് മെഷീനുകൾ സ്റ്റോക്കിലെടുത്ത് സോണൽ ഓഫീസുകൾക്ക് കൈമാറിയതിന്റെ വിവരം ഇല്ല.

III).ഒരേ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നു – മൽസരാധിഷ്ഠിത ടെണ്ടർ നടപടികൾ ഉണ്ടാകുന്നില്ല.

നഗരസഭ തൻവർഷം വാങ്ങിയ ഇനങ്ങൾ അധികവും റെയ്ഡ്കോ, കെയ്കോ എന്ന സ്ഥാപനങ്ങളിൽ നിന്നാണ്. ഈ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതോ വിപണനം ചെയ്യുന്നതോ ആയ സാമഗ്രികളല്ല വാങ്ങിയിട്ടുള്ളത്. ഇത്തരം വാങ്ങലുകൾ സർക്കാർ ഉത്തരവ് (സാധാ)3299/2016/തസ്വഭവ തീയതി 2.12.16, സർക്കാർഉത്തരവ്(കൈ)01/2016/SPD /8.12.16 എന്നിവക്ക് അനുസൃതമല്ല.മാത്രമല്ല സർക്കാർ ഉത്തരവ് (പി)01/2017/SPD/13.3.17 പ്രകാരം സാധനങ്ങളുടെ വില നിലവിലെ കമ്പോളവിലയിൽ അധികരിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തണം.

കാർഷികയന്ത്രോപകരണങ്ങൾ നൽകുന്നതിന് സർക്കാർ കാലാകാലങ്ങളിൽ അനുമതി നൽകുന്ന സ്ഥാപനങ്ങളാണ് ഇവ.

a)S062/18 –അറക്കവാൾ വാങ്ങൽ

ബിൽ നം.16/17-18/17.10.17--24675

മുനിസിപ്പാലിറ്റി ടെണ്ടർ ചെയ്ത സ്പെസിഫിക്കേഷൻ ഉള്ളതല്ല ലഭിച്ചത്.

റെയ്ഡ്കോ, കെയ്കോ എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. റെയ്ഡ്കോയിൽ നിന്ന് വാങ്ങി.

b)S066/18 – വയോമിത്രം പദ്ധതി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ

ബിൽ നം. – 6/17-18/29.4.17 – 126454

kaico,TWCCS,KSIDC എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. ഈ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളല്ല ഇവർ സപ്ലൈ ചെയ്തത്. Kaico കംപ്യൂട്ടർ, ഫ്രിഡ്ജ് എന്നിവ സപ്ലൈ ചെയ്തതായി കാണുന്നു.

c)S059/18 – കൊതുക് നിവാരണപ്രവർത്തനങ്ങൾ

ബിൽ നം. – 4/17-18/29.4.17 – 189625

സ്റ്റോക്ക് രജിസ്റ്റർ ലഭിച്ചിട്ടില്ല

Kaico, Raidco, സൂര്യട്രേഡിംഗ് കമ്പനി എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്.

d)S060/18 – ശുചീകരണസാമഗ്രികൾ വാങ്ങൽ

ബിൽ നം. – 5/17-18/29.4.17–173708

ബിൽ നം. – 22/17-18/12.2.18--26292

വൗച്ചർനം. – 54/3.18/9.3.18--42418

a)സ്റ്റോക്ക് രജിസ്റ്റർ ലഭിച്ചിട്ടില്ല.

b)Kaico, Raidco, സൂര്യട്രേഡിംഗ് കമ്പനി എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്.

c)ഇതു കൂടാതെ തനതുഫണ്ടിൽ നിന്ന് 131472 രൂപ ചെലവഴിച്ച് Kaico ൽ നിന്ന് ശുചീകരണസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

നഗരസഭക്ക് ആവശ്യമുള്ളവയുടെ ലിസ്റ്റ് തയ്യാറാക്കി ഒന്നിച്ച് ടെണ്ടർ ചെയ്ത് വാങ്ങാതെ പദ്ധതിയിൽ ഉൾ പ്പെടുത്തി കുറെ ഇനങ്ങളും തനതുഫണ്ട് ചെലവഴിച്ച് കുറെ ഇനങ്ങളും വാങ്ങുന്നത് പണ നഷ്ടത്തിനും, മൽസരാധിഷ്ഠിതടെണ്ടർ വഴി കുറഞ്ഞ നിരക്കിൽ ഗുണമേൻമയുള്ള സാധനങ്ങൾ ലഭ്യമാകുന്നതിനുള്ള സാധ്യതയും നഷ്ടപ്പെട്ടു.

IV).വേണ്ടത്ര പ്രചാരണം നൽകുന്നില്ല.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങലുകൾക്ക് സ.ഉ.(പി)നം.259/10/തസ്വഭവ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് ബാധകം. മേൽ മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1,00,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യതീയതി മുതൽ 21 ദിവസം ടെണ്ടർ ഫോറം വില്പന നടത്തേണ്ടതാണ്.

| പദ്ധതി | അടങ്കൽ | ടെണ്ടർ നോട്ടീസ് തീയതി | ടെണ്ടർ അവസാനതീയതി |
|---|---|---|---|
| S059/18 – കൊതുക നിവാരണപ്രവർത്തനങ്ങൾ | 372000 | 26.10.16 | 14.11.16 |
| S060/18 – ശുചീകരണസാമഗ്രികൾ വാങ്ങൽ | 200000 | 26.10.16 | 7.11.16 |
| S064/18 – സോണൽ ഓഫീസുകളിലേക്ക് ഫോഗിംഗ് മെഷീൻ വാങ്ങൽ | 150000 | 3.11.16 | 14.11.16 |
| S063/18 – മാലിന്യംവലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിന് CCTVക്യാമറ വാങ്ങൽ | 160000 | 27.1.17 | 7.2.17 |
| S035/18 – ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ | 300000 | 2.2.18 | 9.2.18 |
| S374/18 – കംപ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ഫോൺ എന്നിവയുടെവാർഷിക അറ്റകുറ്റപ്പണി | 300000 | 21.11.17 | 28.11.17 |

മറ്റ് അപാകതകൾ

I)S035/18—ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ

ബിൽ നം.--24/17-18/17.3.18--290840

കംപ്യൂട്ടർ സ്കാനർ,പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. 5കംപ്യൂട്ടർ 2 പ്രിന്റർ എന്നിവയാണ് വാങ്ങിയത്.

അപാകതകൾ

1.നഗരസഭയുടെടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണ് ലഭ്യമാക്കിയത് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബില്ലിൽ വാറന്റി രേഖപ്പെടുത്തിയിട്ടില്ല.

2.സർക്കുലർ നം.86/2010/ഫിൻ തീയതി.24.9.2010പ്രകാരമുള്ള കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3..വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച യൂകോ ബാങ്കിന്റെ 22500രൂപയുടെ ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.നിരതദ്രവ്യം ഡെപ്പോസിറ്റ് രസീത് ആയി സ്വീകരിച്ചത് ശരിയല്ല.(ജി ഒ(പി)3/2013 SPDതീയതി 21.6.13 ഖ.8.12---8.13)

സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2)വാർഷിക അറ്റകുറ്റപ്പണിക്ക് പകരം പുതിയ ഉപകരണങ്ങൾ വാങ്ങി.

സെക്രട്ടറി നടപ്പാക്കിയ S374/18 – കംപ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ഫോൺ എന്നിവയുടെവാർഷിക അറ്റകുറ്റപ്പണി എന്ന പദ്ധതിയിൽ വാർഷിക അറ്റകുറ്റപ്പണിക്ക് പകരം പുതിയ ഉപകരണങ്ങൾ വാങ്ങി ഫിറ്റ് ചെയ്യുകയാണ് ചെയ്തത്.

ബിൽ നം. – 25/17-18/27.2.18 – 49970

പദ്ധതിയിൽ വിവിധ ഓഫീസുകളിലെ UPS റിപ്പയർ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചത്.എന്നാൽ EPABX റിപ്പയർ ചെയ്യുന്നതിനും 8 പോർട്ട് ഉള്ള Extension card ,24 ഫോൺ എന്നിവ സപ്ലൈ ചെയ്യുന്നതിനും പുതിയതായി വയറിംഗ് കഴിഞ്ഞ 10ഫോണുകൾ socket ,Junction,box module എന്നിവ സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിനുമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. വിംങ്സ് കമ്മ്യൂണിക്കേഷൻ ,തൃശ്ശൂർ എന്ന സ്ഥാപനം പ്രവൃത്തികൾ ചെയ്തു.

വാർഷിക അറ്റകുറ്റപ്പണികൾക്കായി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ ശേഷം പുതിയ ഇനങ്ങൾ വാങ്ങുന്ന പദ്ധതി നടപ്പാക്കിയത്ശരിയല്ല.

a)കരാർ ലഭിച്ച സ്ഥാപനത്തിന്റെ ഡെപ്പോസിറ്റ് രസീത് ഒറിജിനൽ ഫയലിൽ ഉണ്ട്.വിംഗ്സ് കമ്മ്യൂണിക്കേഷൻ ഹാജരാക്കിയ 2500രൂപയുടെ (കാത്തലിക് സിറിയൻ ബാങ്ക് ,തൃശ്ശൂർ)ഡെപ്പോസിറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.നിരതദ്രവ്യം ഡെപ്പോസിറ്റ് രസീത് ആയി വാങ്ങി.ജി ഒ(പി)3/2013 SPDതീയതി 21.6.13 ഖ.8.12---8.13 പ്രകാരം ഡെപ്പോസിറ്റ് രസീതികൾ വാങ്ങിയത് ശരിയല്ല.

പദ്ധതി ആസൂത്രണം ചെയ്ത് അംഗീകാരം ലഭ്യമാക്കിയ രീതിയിൽ തന്നെ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-19 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല – വിശദാംശം ചുവടെ ചേർക്കുന്നു.

1.S056/18 – സ്വച്ഛഭാരത് മിഷൻ വ്യക്തിഗതശൗചാലയം

ബിൽ നം. – 7/17-18/21.6.17 –118461/-

ഫയൽ H1-1671/16, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2.S067/18-- സ്വച്ഛഭാരത് മിഷൻ ഇൻസാനിറ്ററി ടോയ് ലറ്റുകൾ സാനിറ്ററിയാക്കൽ

ബിൽ നം.-- 8/17-18/21.6.17–506514/-

58 ഗുണഭോക്താക്കൾക്ക് 8733രൂപ വീതം പ്ലാൻഫണ്ട് നൽകി. ഈ ഗുണഭോക്താക്കൾക്ക് ശുചിത്വമിഷൻ, കേന്ദ്രഫണ്ടുകൾ എത്ര വീതം നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല. എത്ര ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി എന്നറിയില്ല.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരം ഇല്ല. രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.35/25.5.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 624975രൂപ തടസ്സപ്പെടുത്തുന്നു.

# 3-20 ഹയർസെക്കണ്ടറി തുല്യതാ കോഴ്സിനു ഫീസ് നൽകൽ പദ്ധതി- കോഴ്സിനു ഹാജരാകാത്ത വിദ്യാർത്ഥികൾക്കു വേണ്ടി തുക ചെലവഴിച്ചു.

പദ്ധതി നം – 453/18

നിർവ്വഹണ ഉദ്യോഗസ്ഥ – പ്രിൻസിപ്പാൾ, ജിഎച്ച്എസ് എസ്, ചാവക്കാട്

പദ്ധതി അടങ്കൽ – 112500/-

ചെലവ് – 112500/-

(ട്രഷറി ബിൽ നം.1/17-18 തീ.17.02.18)

ഹയർസെക്കണ്ടറി തുല്യതാ കോഴ്സിനു ഫീസ് നൽകൽ പദ്ധതിയുടെ ഭാഗമായി 50 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് ഇനത്തിൽ 2250 രൂപ വീതം 112500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി കുട്ടികളുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 2017-18ൽ 17 വിദ്യാർത്ഥികൾ കോഴ്സിന് തീരെ ഹാജരായില്ലെന്ന് കാണുന്നു. ഇവർ പരീക്ഷ എഴുതിയിട്ടില്ല. 33 വിദ്യാർത്ഥികൾ കോഴ്സിന് ഹാജരായതിൽ 4 പേർ മാത്രമാണ് 2017-18ൽ പരീക്ഷ എഴുതിയത്. ഇത്തരത്തിൽ പദ്ധതിക്ക് അതിന്റെ ഉദ്ദേശം പൂർത്തീകരിക്കാനാകുമോ എന്ന് സംശയിക്കുന്നു. മാത്രമല്ല ക്ലാസുകളിൽ ഹാജരാകാത്ത വിദ്യാർത്ഥികൾക്ക് വേണ്ടി തുക

ചെലവഴിക്കുന്നതിന്റെ സാംഗത്യം ചിന്തിക്കപ്പെടേണ്ടതാണ്. ബാക്കിയുള്ളവർ കോഴ്സ് നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/21.05.2019)

# 3-21 മെഡിക്കൽഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ പിഎച്ച്സി പൂക്കോട് നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പല ട്രഷറി ബില്ലുകൾക്കൊപ്പവും ഇൻവോയ്സുകൾ മുതലായ ചെലവു രേഖകൾ ഇല്ല. ഇൻവോയ്സുകളിൽ സ്റ്റോക്ക് രേഖപ്പെടുത്തൽ സംബന്ധിച്ച സാക്ഷ്യപത്രങ്ങളില്ല. പർച്ചേസുകളോടനുബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പദ്ധതികളോടനുബന്ധിച്ച് മറ്റു അപാകതകൾ താഴെ ചേർക്കുന്നു.

1)ടാ 02/18 – പൂക്കോട്പ്രാഥമിക ആരോഗ്യ കേന്ദ്രത്തി ലേക്ക് ജീവിതശൈലീ നിയന്ത്രണ ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്നു വാങ്ങൽ

പദ്ധതി അടങ്കൽ – 200000/-

ചെലവ് – 200000/-

(ട്രഷറി ബിൽ നം.3/17-18 തീ.14.02.18)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി രണ്ടു ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു കൈ മാറിയിട്ടുണ്ട്. ആയതിൽ 90003 രൂപയുടെ ഇൻവോയ്സുകൾ മാത്രമാണുള്ളത്. ബാക്കി തുകക്കുള്ള മരുന്നുകളുടെ ലഭ്യതാ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി വാങ്ങിയ Glimipride – 95000 എണ്ണം Metformin – 52265 എണ്ണം എന്നിവ നാളിതു വരെ ഒരെണ്ണം പോലും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. മരുന്നുകളുടെ ഉപയോഗ കാലാവധി ക്ലിപ്തമാണെന്നിരിക്കേ ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള ആവശ്യകത നിർണ്ണയിച്ച് ആവശ്യമായ അളവിൽ മാത്രം മരുന്നുകൾ വാങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2)ടാ005/18-നഗരസഭാ മാതൃശിശു സംരക്ഷണകേന്ദ്രത്തിലേക്ക് മരുന്ന് സാധന സാമഗ്രികൾ വാങ്ങൽ

പദ്ധതി അടങ്കൽ – 300000/-

ചെലവ് – 227145/-

(ട്രഷറി ബിൽ നം.13/17-18 തീ.31.03.18-206660

ട്രഷറി ബിൽ നം.21/17-18 തീ.31.03.18-20485)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി 227145/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു കൈ മാറിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചിട്ടില്ല.

3)ടാ 08/18-ഗുരുവായൂർ നഗരസഭക്ക് കീഴിൽ പ്രവർത്തിക്കുന്ന സൗജന്യ മെഡിക്കൽ ലാബുകളിലേക്ക് കെമിക്കലുകളും ഉപകരണങ്ങളും വാങ്ങൽ

പദ്ധതി അടങ്കൽ – 650000/-

ചെലവ് – 611669/-

പദ്ധതിയോടനുബന്ധിച്ച് ട്രഷറി ബിൽ നം .19/31.3.18 പ്രകാരം 497984 രൂപ സെൻട്രൽ സർജിക്കൽസ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

494484 രൂപയുടെ കെമിക്കൽസ് മാത്രമാണ് ലഭിച്ചത്. ആയത് കെമിക്കൽസ് ആന്റ് എക്വിപ്പ്മെന്റ്സ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്റ്റോക്കിൽ ഉൾപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ട താണ്. ബാക്കി തുകക്കുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ട്രഷറി ബിൽ നം .15/31.3.18 പ്രകാരം Maxsel Agencies(22990 രൂപ), KMSCL(60605 രൂപ), KochininLab (30090രൂപ) എന്നീ സ്ഥാപനങ്ങൾക്കായി ആകെ 113685/-രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ KMSCL-ൽ നിന്നും സാധനങ്ങൾ ലഭിച്ചിട്ടില്ല. മറ്റിനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. 113685 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4) ടാ0012/18-പൂക്കോട്, തൈക്കാട് പി എച്ച് സികളി ലേക്ക് മരുന്നു വാങ്ങൽ

പദ്ധതി അടങ്കൽ – 100000രൂപ

ചെലവ് – 98627 രൂപ

(ട്രഷറി ബിൽ നം .18/31.3.18)

39665/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.ബാക്കി തുകക്ക് മരുന്ന് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) s0011/18-പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടിക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ

പദ്ധതി അടങ്കൽ – 110000/-

ചെലവ് – 98945/-

ട്രഷറി ബിൽ നം 12/31.3.18 പ്രകാരം താഴെ പറയും പ്രകാരം 98945 രൂപ നൽകിയിട്ടുണ്ട് .

ജയൻ.കെ.ആർ -14000രൂപ

ജോസഫ് ടിറ്റോ-13050 രൂപ

KMSCL- 71895 രൂപ

എന്നാൽ KMSCL-ൽ നിന്ന് സാധനങ്ങൾ ലഭിച്ചിട്ടില്ല മറ്റിനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമായില്ല. 98945/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6) s009/18-സമഗ്ര ആരോഗ്യ പദ്ധതി

പദ്ധതിയുടെ ഭാഗമായി ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമുകൾക്ക് വാഹനവാടക അനുവദിച്ചിരിക്കുന്നു. ആയതിന് ട്രിപ്പ് ഷീറ്റ് ഇല്ല. കുത്തിവെപ്പ് നടന്നത് സംബന്ധിച്ച് വൗച്ചറുകളിൽ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രങ്ങളില്ല.

7)s0033/18-HIV/AIDS രോഗികൾക്ക് പോഷകാഹാരം

പദ്ധതി അടങ്കൽ.30000/-

ചെലവ്.29661/-

ട്രഷറി ബിൽ നം.14/31.03.18 പ്രകാരം 41x400g prosure orange/banana ലഭിക്കുന്നതിനായി പ്രഫോർമ ഇൻവോയ്സ് നം PRF 4664/3.3.18 പ്രകാരം 29661 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു കൈമാറിയിട്ടുണ്ട് .ആയത് ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

8) s0033/18-പെയിൻ & പാലിയേറ്റീവ് പദ്ധതി

പദ്ധതി അടങ്കൽ-2000000/-

ചെലവ്.

ട്രഷറി ബിൽ നം .2/14.2.18-237050/-

ട്രഷറി ബിൽ നം .4/14.2.18-1107526/-

ട്രഷറി ബിൽ നം .5/14.2.18-116750/-

ഹോം കെയർ രജിസ്റ്ററുകൾ, തുക പിഎച്ച്സി അക്കൗണ്ടിലേക്ക് വരവു വെച്ചതിന്റെ പാസ് ബുക്ക്, ആയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.1461326/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തിയ തുക – 1673956 രൂപ

(ഓഡിറ്റ് എൻക്വയറി നം.30/23.05.2019)

# 3-22 എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്

ജിഎച്ച്എസ്എസ് ചാവക്കാട്

പദ്ധതി അടങ്കൽ – 1500000/-

ചെലവ് .1500000/-(ട്രഷറി ബിൽനം.2/12.07.17)

പദ്ധതി നം .s0251/18-യുടെ ഭാഗമായി 2017-18 ലെ എസ് എസ് എ വിഹിതം ഇനത്തിൽ 15 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 13/20.05.2019)

# 3-23 തനതു ഫണ്ട് വൗച്ചറുകളിലെ അപാകതകൾ

1) വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

2) ഭൂരിഭാഗം വൗച്ചറുകളോടൊപ്പവും ചെലവു രേഖകൾ സൂക്ഷിച്ചിട്ടില്ല.ചെലവിനടിസ്ഥാനമായ ബില്ലുകൾ ഡിമാന്റ് നോട്ടീസ് എന്നിവ പലതിലും കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

i)വൗച്ചർ നം.23/8/17-18-33800 രൂപ

ശ്രീവത്സൻ .പി.ബി എന്നവർക്ക് അനുവദിച്ച അഡ്വാൻസിന്റെ ക്രമീകരണം. ഒരു ഫുള്ളി വൗച്ചേർഡ് കണ്ടിജന്റ് ബിൽ മാത്രമാണുള്ളത്.ചെലവിനാസ്പദമായ ബില്ലുകൾ മറ്റു രേഖകൾ എന്നിവ ഇല്ല്

ii)വൗച്ചർ നം .31/9/17-18-23908 രൂപ

KL 46 F 2912 സ്വിഫ്റ്റ് ഡിസയർ കാറിന്റെ ഫ്യൂവൽ ചാർജ്ജ് .-ഡീസൽ ബില്ലുകൾ ഇല്ല.

3)നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുകകളുടെ റീഫണ്ട് വൗച്ചറുകളോടൊപ്പം തുക അടവാക്കിയ യഥാർത്ഥ രശീതി/പകർപ്പ് ഇല്ല.ഇത്തരത്തിലുള്ള ഡെപ്പോസിറ്റു തുകകൾ തിരിച്ചു നൽകുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ഉദാഹരണത്തിന് വൗച്ചർ നം .106/12/17-18- നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ലേലത്തിനോടനുബന്ധിച്ച് നിരസിച്ച തുക മുജീബ് എന്നയാൾക്ക് തിരികെ നൽകിയിട്ടുണ്ട് .തുക അടവാക്കിയ യഥാർത്ഥ രശീതി/പകർപ്പ് വൗച്ചറിനോടൊപ്പമില്ല. .

4)വാഹനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നില്ല ഉദാഹരണത്തിന് വൗച്ചർ നം .62/11/17-18 പ്രകാരം 1283541 രൂപ ചെലവഴിച്ച് ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനം ഇന്നോവ ക്രിസ്റ്റ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) വൗച്ചർ നം .23/5/17-18-പ്രകാരം 20203 രൂപ നഗരസഭ ഏറ്റെടുത്തിട്ടുള്ള കിണറുകളുടെ ഇലക്ട്രിസിറ്റി ബിൽ ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ബില്ലുകൾ വേണു ഊട്ടുമഠത്തിൽ, ലൂസി മണ്ടുമ്പാൽ എന്നിവരുടെ പേരിലാണ്. ഈ കിണറുകൾ മുൻസിപ്പാലിറ്റിയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇവ എന്തിന വേണ്ടി ഏറ്റെടുത്തു എന്നും നിലവിലെ ഉപയോഗവും വ്യക്തമാക്കേണ്ടതാണ്.

6)മഴക്കാല പൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി 43 വാർഡുകളിലേക്ക് 25000 രൂപ വീതം വൗച്ചർനം 38/6/17-18 പ്രകാരം ആകെ 10,75,000 രൂപ വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി കൺവീനർമാർക്ക് അനുവദിച്ചിട്ടുണ്ട്. വിനിയോഗവിവരം/ചെലവു രേഖകൾ ഇല്ല. ചെലവ് തുക 1075000/-രൂപ തടസ്സപ്പെടുത്തുന്നു.

7) താഴെ പറയുന്ന ചെലവുതുകകൾ വൈകി അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. അനുബന്ധ കമ്മിറ്റി തീരുമാനങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

i)വൗച്ചർനം .60/15.06.17- ഫോറങ്ങളും രജിസ്റ്ററുകളും വിതരണം ചെയ്ത വകയിൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം തുകഅനുവദിച്ചു

117/23.05.2013-1320 രൂപ

236/06.12.2013-58025 രൂപ

300/26.02.2014-54945 രൂപ

ii)വൗച്ചർനം. 38/1/17-18 പ്രകാരം 'yard concreting and footpath repairing near muncipal bus stand building എന്ന പ്രവർത്തിക്കായി ശ്രീ.സി.വി ശശികുമാറിന് 116107 രൂപ അനുവദിച്ചു. കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 30.11.2015 ന് പ്രവർത്തി പൂർത്തീകരിച്ചിരുന്നു.

iii) വൗച്ചർ നം.65/3/17-18 -ശ്രീ പോൾ തോമസ് HI II വിന്റെ കൈയ്യിൽ നിന്നും 2016 ലെ വിദ്യാഭ്യാസ ആദര പരിപാടി സംഘാടനത്തിന് ചെലവായ തുക 44080 രൂപ അനുവദിച്ചു

8)താഴെ പറയുന്ന പ്രവർത്തികൾ പ്ലാൻ ഫണ്ട് ഉപയോഗിക്കാതെ/പദ്ധതി രൂപീകരിക്കാതെ തനതുഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

| പ്രവർത്തിയുടെ വിശദാംശങ്ങൾ | llഅനുവദിച്ച തുക | വൗച്ചർ നം |
|---|---|---|
| തെരുവു വിളക്കുകളുടെ എ എം സി | 2009175 | 44/04/17-18<br>31/11/17-18 |
| yard concreting and footpath repairing near muncipal bus stand building | 116107 | 38/1/17-18 |
| Construction of drain with covering slab at SNDP Guru mandiram road south end in WardIII | 137089 | 54/1/17-18 |
| Levelling the Ground in west side of private bus stand | 135196 | 91/6/17-18 |

(ഓഡിറ്റ് എൻക്വയറി നം.44/29.05. 19)
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-24 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾക്ക് അഡ്വാൻസ്- അപാകതകൾ

1)വൗച്ചർ നം 55/3/17-18 പ്രകാരം 75000 രൂപ ഹെഡ്മിസ്ട്രസ് ജി എച്ച് എസ് എസ് ചാവക്കാടിന് കണ്ടിജന്റ് ചെലവുകൾക്ക് അഡ്വാൻസ് അനുവദിച്ചിരുന്നു. ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ 75000/-രൂപയിൽ ബാക്കി വന്ന 27946 തുക നഗരസഭയിൽ തിരികെ അടവാക്കിയിട്ടില്ല. ടി തുക സ്കൂളിൽ നിന്നും മോഷണം പോയതായി ഹെഡ്മിസ്ട്രസ് ഓഡിറ്റ് വേളയിൽ വാക്കാൽ അറിയിച്ചിട്ടുണ്ട്.

2)ഹെഡ്മിസ്ട്രസ് ജിയുപിഎസ് ഗുരുവായൂർ-ന് വൗച്ചർ നം 56/3/18, 58/3/18 എന്നിവ പ്രകാരം യഥാക്രമം 20000 രൂപയും 24400 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി പാസ്ബുക്ക് പ്രകാരം 24400 രൂപ മാത്രമേ വരവു വെച്ചിട്ടുള്ളൂ.ആയതിന്റെ ചെലവു വൗച്ചറുകൾ മാത്രമാണ് പരിശോധനക്ക് നൽകിയതും. വൗച്ചർ നം 56/3/18പ്രകാരമുള്ള 20000 രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചലവു തുക 20000/-രൂപ തടസ്സപ്പെടുത്തുന്നു.

3)താഴെ പറയുന്ന അഡ്വാൻസുകളോടനുബന്ധിച്ച ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വെറ്റിനറി ഡിസ്പെൻസറി, പൂക്കോട്- 12600 രൂപ

വെറ്റിനറി ഡിസ്പെൻസറി, തൈക്കാട് -26000 രൂപ

വെറ്റിനറി ഡിസ്പെൻസറി, ഗുരുവായൂർ- 30000 രൂപ

പി എച്ച് സി തൈക്കാട് -89200 രൂപ

ചെലവു രേഖകൾ ഹാജരാക്കുന്നതു വരെ 157800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

4)പല സ്ഥാപനങ്ങളിലേയും കാഷ്ബുക്കുകളിൽ പ്രസ്തുത അഡ്വാൻസുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. വൗച്ചറുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ സാക്ഷ്യപത്രങ്ങളില്ല. പലരും പ്രത്യേകം ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനു പകരം കാഷ് മാറി കൈവശം വെച്ച് തുക ചെലവഴിക്കുന്നു

(ഓഡിറ്റ് എൻക്വയറി നം.45/29.05. 19,54/30.05.2019)
രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 177800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-25 ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം-അപാകതകൾ

വൗച്ചർ നം.72/6/17-18,73/01/17-18 എന്നിവ പ്രകാരം 2014 ലെ ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരമുള്ള കുടിശ്ശിക 1,2 ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ആയതിനോടനുബന്ധിച്ച് ലഭ്യമായ സേവന പുസ്തകങ്ങളും ഹാജർ പുസ്തകങ്ങളും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) കുടിശ്ശിക കാലയളവിൽ നഗര സഭയിൽ ജോലി ചെയ്തിരുന്നവർക്ക് ജോലി ചെയ്ത കാലയളവിലെ കുടിശ്ശിക മാത്രമാണ് അനുവദിച്ചിട്ടുള്ളത് സ്ഥലം മാറി പോയവരുടെ സേവന പുസ്തകങ്ങളും ഫിക്സേഷൻ സ്റ്റേറ്റുമെന്റുകളും പരിശോധനക്ക് ലഭ്യമാകാത്തതിനാൽ ഇവർക്ക് അനുവദിച്ചിട്ടുള്ള കുടിശ്ശികയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇവർക്ക് അനുവദിച്ചിട്ടുള്ള കുടിശ്ശികയുടെ വിവരം സ്ഥലം മാറിപോയ സ്ഥാപനങ്ങളിലേക്ക് അറിയിച്ചതായുള്ള രേഖകളും ഫയലിൽ ഇല്ല.

2)നിഷ.എം.ആർ ക്ലർക്ക് 1/10/15 മുതൽ 30.10.15 വരെ അർദ്ധ വേതന അവധിയിലും തുടർന്ന് 1/11/15 മുതൽ 31/12/15 വരെയും ശൂന്യവേതന അവധിയിലും ആയിരുന്നു. എന്നാൽ ഈ മാസങ്ങളിലെ കുടിശ്ശിക പൂർണ്ണമായും(2181 രൂപ വീതം) അനുവദിച്ചിട്ടുണ്ട്.

3)ലിജിത പി.ബി, സീനിയർ ക്ലർക്ക്, 8/15, 9/15, 10/15, 11/15എന്നീ മാസങ്ങളിൽ ലീവ് സാലറി(HPL)യോടൊപ്പം മുഴുവൻ ക്ഷാമ ബത്തയും (11954 രൂപ വീതം) വാങ്ങിയതായി കാണുന്നു. എന്നാൽ കുടിശ്ശിക സ്റ്റേറ്റ്മെന്റ് പ്രകാരം 8/15ൽ 9901 രൂപയും 09/15ലും 10/15 ലും 6394 രൂപ വീതവും 11/15ൽ 8108 രൂപയും മാത്രം Drawn DA ആയി കാണിച്ച് അർഹമായതിലും അധികം കുടിശ്ശിക കൈപറ്റിയിട്ടുണ്ട്.

4)സ്വപ്ന പി.എസ് ക്ലർക്ക് 4/15, 5/15, 6/15, 7/15 മാസങ്ങളിൽ അർദ്ധ വേതന അവധിയിൽ ആയിരുന്നു.എന്നാൽ ടി ദിവസങ്ങളിൽ മുഴുവൻ ശമ്പളവും കണക്കാക്കി കുടിശ്ശിക നൽകിയിരിക്കുന്നു.

5) രേഖ വി.എസ് എന്നവർ 4/15 ൽ 15 ദിവസത്തെ ആർജ്ജിതാവധി മാത്രം സറണ്ടർ ചെയ്തു. എന്നാൽ 30 ദിവസം കണക്കാക്കി ആയതിന്റെ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്

അധികം അനുവദിച്ച തുക കണക്കാക്കി, ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി പുതുക്കിയ കുടിശ്ശിക പത്രികയുൾപ്പെടെ അനുബന്ധ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 42/29.05.2019)

# 3-26 ജീവനക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കപ്പെട്ടിട്ടില്ല

ഗുരുവായൂർ നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള താഴെ പറയുന്ന മുൻകൂർതുകകൾസ.ഉ(പി)നം419/11/ഫിൻ തീ.04.10.11 പ്രകാരമുള്ള 3 മാസ കാലാവധിക്കുള്ളിൽ ക്രമീകരിച്ചിട്ടില്ല. ഉത്തരവിലെ ഖണ്ഡിക 4.III ലെ വ്യവസ്ഥകൾക്ക് വിധേയമായി മൂന്നുമാസ കാലാവധിക്കുള്ളിൽ ക്രമീകരിക്കപ്പെടാത്ത മുൻകൂർ തുകകൾ 18% വാർഷിക പലിശ ഉൾപ്പെടെ തിരിച്ചു പിടിക്കേണ്ടതാണ്.

| ക്രമ നം | മുൻകൂറിന്റെ ഉദ്ദേശം | വൗച്ചർ നം | തുക | മുൻകൂർ കൈപ്പറ്റിയ ജീവന ക്കാരൻ |
|---|---|---|---|---|
| 1 | ക്രിമറ്റോറിയം കെട്ടിടത്തിലെ ഇലക്ട്രിസിറ്റി കണക്ഷൻ പുന.സ്ഥാപിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും | 38/5/16-17 | 35000 | പി.കെ ജയാനന്ദൻ , PWO I |
| 2 | നഗരസഭാ അഗതിമന്ദിരം സെപ്റ്റിക് ടാങ്ക് ബോർവെൽ റിപ്പയർ | 40/5/16-17 | 7000 | പോൾ തോമസ് HI II |
| 3 | നിയമസഭാ ഇലക്ഷൻ 2016-ബൂത്ത് സജ്ജീകരിക്കൽ | 57/5/16-17 | 5000 | പി.കെ ജയാനന്ദൻ , PWO I |
| 4 | നഗരസഭ 8ാം വാർഡിലെ തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 22/7/16-17 | 2500 | പോൾ തോമസ് HI II |
| 5. | നാട്ടുപച്ച 2016 | 80/7/16-17 | 100000 | വിവി രാജീവ് AFO |
| 6 | പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരം തിരിച്ചു വാങ്ങുന്നതിന് പ്ലാസ്റ്റിക്ക് ബാഗ് വാങ്ങൽ | 63/11/16-17 | 10000 | കെ.കെ. രാജീവൻ JHI |
| 7 | ഹരിത കേരളം | 74/12/16-17 | 5000 | ഷാഹിന എം എ കൗൺസിലർ |
| 8 | ,, | ,, | 5000 | ഹബീബ് നാരാണത്ത് കൗൺസിലർ |
| 9 | ,, | ,, | 5000 | രമ സന്തോഷ് കൗൺസിലർ |
| 10 | ,, | ,, | 5000 | ഷാനിൽ ടിഎസ് കൗൺസിലർ |
| 11 | ,, | ,, | 5000 | സവിതാ സുനി കൗൺസിലർ |
| 12 | ,, | ,, | 5000 | ജലീൽ പണിക്ക വീട്ടിൽ കൗൺസിലർ |
| 13 | ,, | ,, | 5000 | സുമതീ ഗംഗാധരൻ കൗൺസിലർ |
| 14 | ,, | ,, | 5000 | സി.ജോയ് ചെറിയാൻ |
| 15 | ,, | ,, | 5000 | ബിന്ദു അജിത്കുമാർ |

| | | | | |
|---|---|---|---|---|
| | | | | കൗൺസിലർ |
| 16 | ,, | ,, | 5000 | നിർമ്മല കേശവൻ കൗൺസിലർ |
| 17 | ,, | ,, | 5000 | മീന പ്രമോദ് കൗൺസിലർ |
| 18 | ,, | ,, | 5000 | ആർ,വി അബ്ദുൾമജീദ് കൗൺസിലർ |
| 19 | ,, | ,, | 5000 | സുഷ.സിഎസ് കൗൺസിലർ |
| 20 | ,, | ,, | 5000 | സുരേഷ്കുമാർ കൗൺസിലർ |
| 21 | ,, | ,, | 5000 | അനിൽകുമാർ കൗൺസിലർ |
| 22 | ,, | ,, | 5000 | രതി.എം കൗൺസിലർ |
| 23 | ,, | ,, | 5000 | ശോഭ ഹരിനാരയണൻ കൗൺസിലർ |
| 24 | ,, | ,, | 5000 | രതി ജനാർദ്ധനൻ കൗൺസിലർ |
| 25 | ,, | ,, | 5000 | ലത പ്രേമൻ കൗൺസിലർ |
| 26 | ,, | ,, | 5000 | രാജൻ പി എസ് കൗൺസിലർ |
| 27 | ,, | ,, | 5000 | രേവതി വിഎസ് കൗൺസിലർ |
| 28 | ,, | ,, | 5000 | പ്രിയ രാജേന്ദ്രൻ കൗൺസിലർ |
| 29 | ,, | ,, | 5000 | എപി ബാബു കൗൺസിലർ |
| 30 | ,, | ,, | 5000 | അബ്ദുൾ റഷീദ് |
| 31 | ,, | ,, | 5000 | അഭിലാഷ് വി ചന്ദ്രൻകൗൺസിലർ |
| 32 | ,, | ,, | 5000 | ശ്രീദേവി ബാലൻ കൗൺസിലർ |
| 33 | ,, | ,, | 5000 | പിഎസ് പ്രസാദ് കൗൺസിലർ |
| 34 | ,, | ,, | 5000 | വിവിധ് കെ.വി കൗൺസിലർ |
| 35 | ,, | ,, | 5000 | എടി ഹംസ കൗൺസിലർ |
| 36 | ,, | ,, | 5000 | മാഗി |

| | | | | |
|---|---|---|---|---|
| | | | | ആൽബർ<br>ട്ട്<br>കൗൺസിലർ |
| 37 | ,, | ,, | 5000 | അനീഷ്മ എംപി<br>കൗൺസിലർ |
| 38 | ,, | ,, | 5000 | ബഷീർ പൂക്കോട്<br>കൗൺസിലർ |
| 39 | ,, | ,, | 5000 | വർഗ്ഗീസ് ചീരൻ<br>കൗൺസിലർ |
| 40 | ,, | ,, | 5000 | കെപി വിനോദ്<br>കൗൺസിലർ |
| 41 | ,, | ,, | 5000 | ടികെ വിനോദ് കുമാർ<br>കൗൺസിലർ |
| 42 | ,, | ,, | 5000 | പ്രസീദ മുരളീധരൻ<br>കൗൺസിലർ |
| 43 | ,, | ,, | 5000 | ആന്റോ തോമസ്<br>കൗൺസിലർ |
| 44 | ,, | ,, | 5000 | ടികെ സ്വരാജ്<br>കൗൺസിലർ |
| 45 | ,, | ,, | 5000 | സുനിത അരവിന്ദൻ<br>കൗൺസിലർ |
| 46 | ,, | ,, | 5000 | പികെ ശ്രീന<br>കൗൺസിലർ |
| 47 | 8ാം വാർഡിലെ അനധികൃത ഷെഡ്-പൂട്ടും താക്കോലും വാങ്ങൽ | 77/12/16-17 | 1000 | പോൾ തോമസ്<br>HI II |
| 48 | 38ാം വാർഡ് 109 നം അംഗൻവാടി ഭൂമി രജിസ്ട്രേഷൻ | 133/1/16-17 | 13650 | പി.കെ ജയാനന്ദൻ ,<br>PWO I |
| 49 | 26ാം വാർഡ് 105 നം അംഗൻവാടി ഭൂമി രജിസ്ട്രേഷൻ | 132/1/16-17 | 6750 | പി.കെ ജയാനന്ദൻ ,<br>PWO I |
| 50 | അനാഥ ശവം മറവുചെയ്യുന്നതിന | 53/1/16 | 10000 | പി.കെ ജയാനന്ദൻ ,<br>PWO I |
| 51 | ഗുരുവായൂർ ഉത്സവം ഓഫീസിനു മുൻവശം അലങ്കരിക്കുന്നതിന് | 87/3/16-17 | 15000 | കെ.രാജീവൻ<br>JHI |
| 52 | 2017-സ്വാതന്ത്ര്യ ദിനാഘോഷം | 92/8/17-18 | 8000 | കെ.രാജീവൻ<br>JHI |
| 53 | 35ാം വാർഡിലെ മഞ്ചാടി മരം മുറിക്കുന്നതിന് | - | 4000 | കെ.രാജീവൻJHI |
| 54 | 41ാം വാർഡ് അംഗൻവാടി ഭൂമി രജിസ്ട്രേഷൻ | 30/1/17-18 | 23000 | കെ.രാജീവൻJHI |
| 55 | 0.5 HP ഡീസൽ മോട്ടോർ റിപ്പയർ | 27/3/17-18 | 2000 | എം സ്വാമി നാഥൻ<br>JHI |
| 56 | 22ാം വാർഡിലെ തെങ്ങ് | 28/3/17- | 3500 | കെ രാജീവൻJHI |

| | | | | |
|---|---|---|---|---|
| | മുറിച്ചുമാറ്റൽ | | | |
| 57 | 1.5 എച്ച് പി മോട്ടോർ തൈക്കാട് കോളനിയിലേക്ക് വാങ്ങുന്നതിന് | 63/3/17-1 | 30000 | ശ്രീവത്സൻ PWO III |
| 58 | ടോണർ റീഫില്ലിങ്ങ് | 66/3/17-18 | 3000 | ഇമ്ന വി.എ JHI |

2016-17 മുതലുള്ള അഡ്വാൻസ് രജിസ്റ്റർ മാത്രമാണ് പരിശോധനക്ക് നൽകിയത്. 2016-17ന മുൻപുള്ള മുൻകൂറുകൾ ക്രമീകരിക്കാതെയുണ്ടോ എന്നു വ്യക്തമല്ല. ഒരു തവണ മുൻകൂർ അനുവദിച്ച് ആയതു ക്രമീകരിക്കാതെ അതേ ആൾക്കു തന്നെ വീണ്ടും മുൻകൂർ അനുവദിക്കുന്നതായി കാണുന്നു. ആയത് ഉചിതമല്ല. ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.41/29.05.19)

# 3-27 ക്രിമറ്റോറിയം - AMC ഉണ്ടായിരുന്നിട്ടും ചിമ്മിനി മാറ്റുന്നതിനായി പദ്ധതി പ്രകാരം തുക ചെലവഴിച്ചു

ഗുരുവായൂർ നഗരസഭാ ക്രിമറ്റോറിയത്തിന്റെ AMC ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പ്രതിവർഷം 208320 രൂപ നിരക്കിൽ രണ്ടു യൂണിറ്റുകൾക്കുമായി 2017-18ൽ 416640/-രൂപ നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച കരാർ പ്രകാരം 'routine maintenance/servicing will be attended and replacement of spares if necessary will be at our cost and parts will be retained by the company' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ പദ്ധതി നം.s0477/18 പ്രകാരം ക്രിമറ്റോറിയത്തിന് ചിമ്മിനി മാറ്റി പുതിയതു സ്ഥാപിക്കുന്നതിനായി 2017-18 ൽ ട്രഷറി ബിൽ നം .120/23.03.2018 പ്രകാരം 383500 രൂപ SPLKന് നൽകിയിട്ടുണ്ട്. വൻതുകക്ക് AMC നൽകിയിട്ടും സാധനങ്ങൾ മാറ്റി നൽകാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടും AMC പ്രകാരമല്ലാതെ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. 383500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.53/30.05.19)

# 3-28 അഡ്വക്കറ്റ് ഫീസിൽ നിന്നും ടിഡിഎസ് കുറവു ചെയ്യുന്നില്ല

ഇൻകം ടാക്സ് ആക്റ്റ് 1961സെക്ഷൻ 194 J പ്രകാരം അഭിഭാഷകർക്കുള്ള പ്രതിഫലം ഉൾപ്പെടെയുള്ള പ്രൊഫഷണൽ ചാർജ്ജുകൾ ഒരു സാമ്പത്തിക വർഷത്തിൽ 30000 രൂപയിൽ അധികരിക്കുകയാണെങ്കിൽ അധികരിക്കുന്ന തുകയിൽ നിന്നും 10% ടിഡിഎസ് ഈടാക്കേണ്ടതാണ്. എന്നാൽ 2017-18ൽ നഗരസഭയിൽ 30000 രൂപയിൽ അധികം വന്ന അഡ്വക്കറ്റ് ഫീസിൽ നിന്നും ടിഡിഎസ് കുറവു ചെയ്തിട്ടില്ല. 2017-18ൽ 30000 രൂപയിൽ അധികരിച്ച് നൽകിയ അഡ്വക്കറ്റ് ഫീസിന്റെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം | അഭിഭാഷകന്റെ പേര് | നൽകിയ പ്രതിഫലം | വൗച്ചർ നം | ആകെ തുക |
|---|---|---|---|---|
| 1 | അഡ്വ.ചന്ദ്രൻ പിള്ള | 70750 | 36/6/17-18 | |
| | | 73850 | 14/9/17-18 | |
| | | 86500 | 54/12/17-18 | 231100 |
| 2 | അഡ്വ.ശ്രീകുമാർ | 90000 | 88/10/17-18 | |
| | | 27000 | 56/12/17-18 | 117000 |
| 3 | അഡ്വ.അമ്പിളി.എസ് | 12500 | 37/6/17-18 | |
| | | 12000 | 53/9/17-18 | |
| | | 14000 | 55/12/117-18 | 38500 |

ഇവരിൽ നിന്നും 30000ൽ അധികരിച്ച് നൽകിയ തുകയുടെ 10% ആദായ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.43/29.05.2019)

# 3-29 നഗരസഭ വാഹനങ്ങളുടെ പരിപാലനം

നഗരസഭ വക വാഹനങ്ങളുടെ ലോഗ് ബുക്കുകൾ മുഴുവനും പരിശോധനക്ക് ലഭ്യമായില്ല. KL 46 B 3228, KL 46 A 9525, KL 46 R 4645 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ മാത്രമാണ് പരിശോധനക്ക് ലഭിച്ചത്. ലഭ്യമാക്കിയ ലോഗ് ബുക്കുകളും തനതു ഫണ്ട് വൗച്ചറുകളും

പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. കൂടാതെ നഗരസഭാ വാഹനങ്ങൾ ആസ്തി രജിസ്റ്റർ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1) ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കുകളിൽ പതിപ്പിച്ചിട്ടില്ല.

2) തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.

3) 10000 രൂപക്ക് മേലുള്ള അറ്റകുറ്റ പണികൾ എഞ്ചിനീയറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകാരത്തോടെ മത്സര സ്വഭാവമുള്ള ക്വട്ടേഷൻ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാവൂ . എന്നാൽ നഗരസഭയിൽ ഇത്തരം നടപടി ക്രമങ്ങൾ പലപ്പോഴും പാലിക്കുന്നില്ല.

4) നഗരസഭ വക വാഹനങ്ങളുടെ ഇൻഷൂറൻസ് എടുക്കുമ്പോൾ / പുതുക്കുമ്പോൾ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പിനു പകരം മറ്റ്ഇൻഷുറൻസ് കമ്പനികളെ ഏൽപ്പിക്കുന്നു.
ഉദാഹരണത്തിന്

KL 46 B 3228 നം വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയത് നാഷണൽ ഇൻഷൂറൻസ് കമ്പനിയിലാണ്.

(ഓഡിറ്റ് എൻക്വയറി നം.48/29.05. 19)
വാഹനങ്ങളുടെ ലോഗ്ബുക്കുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-30 മാലിന്യസംസ്കരണം അവലോകനം

ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക, പൊതുമാർക്കറ്റുകൾ പരിപാലിക്കുക, മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന എന്നിവയുടെ നിയന്ത്രണം എന്നിവ മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ പെടുന്നവയാണ്. ഗുരുവായൂർ നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

1. നഗരസഭയുടെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം
ഖരമാലിന്യം ജൈവം, അജൈവം എന്ന രീതിയിൽ വേർതിരിച്ചാണ് സംസ്കരിക്കുന്നത്. നഗരസഭ ചൂൽപുറത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ജൈവ മാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം IRTC യുടെ സാങ്കേതിക സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിന് സ്ഥലസൗകര്യമില്ലാത്ത സ്ഥാപനങ്ങളിലെ മാലിന്യം നഗരസഭയുടെ കീഴിലുള്ള 3 കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ സദ്യ ഇല വേസ്റ്റ് കിലോഗ്രാമിന് 10/- രൂപ നിരക്കിലും, മറ്റ് വേസ്റ്റുകൾ കിലോഗ്രാമിന് 5/- രൂപ നിരക്കിലും ശേഖരിച്ച് ട്രഞ്ചിംഗ് ഗ്രൌണ്ടിലെ മാലിന്യ സംസ്കരണ കേന്ദ്രത്തിലെത്തിച്ച് വളമാക്കി മാറ്റുന്നു. ഇപ്രകാരം ഒരു ദിവസം ഏകദേശം 3 ടൺ വേസ്റ്റ് സംസ്കരിക്കുന്നു. IRTC ക്ക് ഒരു ടൺ മാലിന്യത്തിന് 680/- രൂപ നല്കുന്നു. വളം വില്പനയിലൂടെ ലഭിക്കുന്ന വരുമാനവും IRTC ക്ക് തന്നെ ലഭിക്കുന്നു.


(1)


(2)



(3)

*ചിത്രങ്ങൾ 1,2,3- ബയോ കമ്പോസ്റ്റ് വളമാക്കി മാറ്റുന്നു.*

നഗരസഭയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിലവിൽ ഒരു പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്. കുടുംബശ്രീ മുഖേന തെരഞ്ഞെടുക്കപ്പെട്ട 63 അംഗ ഹരിതകർമ്മസേനയെ ഉപയോഗിച്ച് നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിൽനിന്നും വീടുകളിൽനിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യം യൂസർഫീ അടിസ്ഥാനത്തിൽ ശേഖരിച്ച് ഷ്രഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പൊടിച്ച പ്ലാസ്റ്റിക് ഇതുവരേയും ക്ലീൻ കേരള ഏറ്റെടുത്തിട്ടില്ല. മാത്രമല്ല, ഷ്രഡ്ഡഡ് പ്ലാസ്റ്റിക് നാളിതുവരെയായി റോഡ് പണികൾക്കും ഉപയോഗപ്പെടുത്തിയിട്ടില്ല.





***ചിത്രം(4).പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്***

***ചിത്രം(5). ഷ്രെഡ് ചെയ്ത പ്ലാസ്ററിക് ചാക്കിൽ സൂക്ഷിച്ചിരിക്കുന്നു***

നഗരസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നത് സീവേജ്, സെപ്റ്റേജ് മാലിന്യ നിർമ്മാർജ്ജനമാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നഗരസഭയിൽ നടപ്പാക്കുന്ന അമൃത് പദ്ധതി പൂർത്തീകരിക്കുന്നതോടെ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് നഗരസഭ പ്രതീക്ഷിക്കുന്നത്. ഗുരുവായൂർ പൊതുവേ താഴ്ന്നതും വെള്ളക്കെട്ടുനിറഞ്ഞതുമായ പ്രദേശമാണ്. ദിനംപ്രതി ആയിരക്കണക്കിന് ജനങ്ങൾ വന്നുപോകുന്ന ക്ഷേത്ര നഗരിയായ ഇവിടെ ലോഡ്ജുകളുടേയും ഫ്ലാറ്റുകളുടേയും എണ്ണം ദിനംപ്രതി കൂടുകയാണ്. എന്നാൽ ഹോട്ടലുകൾ, ലോഡ്ജുകൾ എന്നിവിടങ്ങളിൽ പലതിലും സീവേജ്, സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. ഇത് പലപ്പോഴും അഴുക്കുചാലുകളിലേക്ക് ഒഴുക്കിവിടുകയാണ് പതിവ്. ഈ അവസ്ഥകൂടി മാറേണ്ടതുണ്ട്. ഗുരുവായൂർ ചക്കംകണ്ടം ഭാഗത്തുള്ള മലിനജല സംസ്കരണ പ്ലാന്റ് വിപുലപ്പെടുത്തി അതോടൊപ്പം സെപ്റ്റേജ് മാലിന്യം കൂടി സംസ്കരിക്കുന്നതിനുള്ള പദ്ധതികളും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാലിന്യത്തിൽനിന്നും എനർജി ഉദ്പാദിപ്പിക്കുന്ന പദ്ധതികൾ നഗരസഭയിൽ നടപ്പാക്കിയിട്ടില്ലാത്തതാണ്.

<u>അറവുശാല</u>

നഗരസഭയിൽ നിലവിൽ അറവുശാലകളില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വർഷങ്ങൾക്ക് മുൻപ് അറവുശാലക്കായി പൂക്കോട് വാങ്ങിയിട്ടുള്ള സ്ഥലം വെറുതെ കിടക്കുകയാണ്. വെള്ളക്കെട്ടുനിറഞ്ഞ ഈ സ്ഥലത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും നടന്നിട്ടില്ലെന്ന് മാത്രമല്ല, അതിർത്തി പോലും നിർണ്ണയിച്ചിട്ടില്ല.

<u>ഗാർഹിക ഉറവിട മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ</u>

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 294 ബയോഗ്യാസ് പ്ലാന്റുകളും, 70 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സബ്ഡിഡി നിരക്കിൽ നല്കിയിട്ടുണ്ട്. ഇത് കൂടാതെ ബയോ ഡൈജസ്റ്റർ യൂണിറ്റുകൾ ഏകദേശം 500 പേർക്ക് നല്കിയിട്ടുണ്ട്.

<u>നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ</u>

നഗരസഭയിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 2014-15 | Nil | | |
| 2015-16 | ശുചീകരണ ആവശ്യത്തിന് വാഹനം-234/16 | 750000 | 547520 |
| " | വികേന്ദ്രീകരണ മാലിന്യ സംസ്കരണ പദ്ധതി-235/16 | 3000000 | 1560000 |
| 2016-17 | മാലിന്യ സംസ്കരണത്തിനായി അധിക സ്ഥലം വാങ്ങൽ-335/17 | 1200000 | Nil |
| " | ഉറവിട മാലിന്യ സംസ്കരണം-337/17 | 3460800 | Nil |
| " | സിസിടിവി ക്യാമറ വാങ്ങൽ- മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താൻ | 160000 | Nil |
| " | വികേന്ദ്രീകരണ മാലിന്യ സംസ്കരണ പദ്ധതി-61/17 | 1440000 | 1000000 |
| " | റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കൽ-336/17 | 600000 | Nil |
| " | മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഷെഡ്ഡ് നിർമ്മാണം-401/17 | 1358156 | Nil |
| 2017-18 | മാലിന്യ സംസ്കരണത്തിനായി അധിക സ്ഥലം വാങ്ങൽ- 57/18 | 1200000 | Nil |
| " | ഉറവിട മാലിന്യ സംസ്കരണം- 58/18 | 3460800 | Nil |
| " | സിസിടിവി ക്യാമറ വാങ്ങൽ- മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താൻ-63/18 | 160000 | 110000 |
| " | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിലേക്ക് മെഷീൻ വാങ്ങൽ-455/18 | 3500000 | Nil |
| " | മാലിന്യ പരിപാലനത്തിന് ടില്ലർ വാങ്ങൽ-463/18 | 50000 | Nil |
| " | മാലിന്യ പരിപാലന സംഘത്തിന് ബിൻ വാങ്ങൽ-468/18 | 720000 | Nil |
| " | വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി-108/18 | 440000 | Nil |
| " | ഡമ്പിംഗ് ഗ്രൌണ്ടിൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കൽ-196/18 | 600000 | 499978 |
| " | ഡമ്പിംഗ് ഗ്രൌണ്ടിൽ മാലിന്യ സംസ്കരണകേന്ദ്രത്തിൽ ഷെഡ്ഡ് നിർമ്മാണം-241/18 | 1358156 | 1121362 |
| " | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ-395/18 | 2000000 | Nil |
| " | ഡമ്പിംഗ് ഗ്രൌണ്ടിൽ വിൻഡ്രോ കമ്പോസ്റ്റിനായി ഷെഡ്ഡ് നിർമ്മാണം-396/18 | 3500000 | 1974806 |
| 2018-19 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ- 58/19 | 1800000 | 1206531 |
| " | വനിതാ മാലിന്യ പരിപാലന സേനയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ-87/19 | 452893 | 452893 |
| " | സാനിറ്ററി നാപ്കിൻ സംസ്കരിക്കുന്നതിന് ഇൻസിനിറേറ്റർ- 88/19 | 800000 | 800000 |
| " | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ-335/19 | 2000000 | 1782120 |
| " | വിൻഡ്രോ കമ്പോസ്റ്റിനായി ഷെഡ്ഡ് നിർമ്മാണം- 336/18 | 1525194 | 1154270 |

| | | | |
|---|---|---|---|
| " | മാലിന്യ സംസ്കരണത്തിന് ഷെഡ്ഡ് നിർമ്മാണം- 392/18 | 3500000 | Nil |
| " | വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ-350/19 | 425000 | 394303 |

മാലിന്യ സംസ്കരണത്തിനായി നിയോഗിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം,വേതനം തുടങ്ങിയ വിവരങ്ങൾ

സ്ഥിരം കണ്ടിജന്റ് ജീവനക്കാർ - 52 -Rs.1654864/-(4/2019)

പകരം തൊഴിലാളികൾ 12 -Rs.91299/- ( ")

താൽക്കാലിക ജീവനക്കാർ - 100 -Rs.926220 ( ")

മാലിന്യ ശേഖരണത്തിനുള്ള വാഹനങ്ങളുടെ വിവരം

1.KL46B 6853 Tractor

2.KL46A 8660 LMO Tractor

3.KL46F 7539 LMV Tractor

4.KL46F 7505 LMV Tractor

5.KL46F 7577LMV Tractor

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയുള്ള നടപടികൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരമുള്ള പൊതുസ്ഥലങ്ങളിൽ ചവറോ മാലിന്യമോ നിക്ഷേപിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താനായി സിസിടിവി ക്യാമറകൾ 4 എണ്ണം വാങ്ങിയിരുന്നുവെങ്കിലും ആയത് ഇതുവരേയും സ്ഥാപിച്ചിട്ടില്ല. എന്നിരുന്നാലും, മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുകയും 2018-19 കാലഘട്ടത്തിൽ 225000/- പിഴ ഈടാക്കിയിട്ടുണ്ടെന്നും, ഇങ്ങനെയുള്ളവരെ കണ്ടെത്താനായി രാത്രികാല സ്ക്വാഡ് പരിശോധന നടത്താറുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016 പ്രകാരം സ്വീകരിച്ച നടപടികൾ

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം വർഷങ്ങൾക്ക് മുൻപ് തന്നെ നഗരസഭയിൽ നിരോധിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് ബാഗുകൾ കൈകാര്യം ചെയ്യുന്ന കച്ചവട സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യേണ്ടതും, പ്രതിമാസം 4000/- രൂപയിൽ കുറയാത്ത ഫീസ് നഗരസഭയിൽ അടവാക്കേണ്ടതുമാണ്. ഇക്കാര്യം നഗരസഭ കൃത്യമായി പാലിക്കാറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ബോധവത്കരണ പരിപാടികൾ

ഗുരുവായൂരിലെ പ്രത്യേക ഉത്സവ സീസണിലും, എക്സിബിഷൻ സമയങ്ങളിലും മാലിന്യ സംസ്കരണത്തിന് ഉതകുന്ന തരത്തിലുള്ള സന്ദേശങ്ങൾ മൈക്ക് സെറ്റ് വഴി അനൗൺസ് ചെയ്യാറുണ്ട്.

ബയോ മെഡിക്കൽ മാലിന്യ സംസ്കരണം

നഗരസഭാ പ്രദേശത്തുള്ള ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള സംവിധാനമൊന്നും നഗരസഭ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ IMA യുടെ ഇമേജ് എന്ന സ്ഥാപനം വഴി ശേഖരിച്ച് കൊണ്ടുപോയി സംസ്കരിക്കുന്നുണ്ട് എന്നാണ് അറിയിച്ചത്. ബയോ മെഡിക്കൽ അല്ലാത്തവ ഇൻസിനിറേറ്റർ ഉപയോഗിച്ച് കത്തിച്ച് കളയുകയാണ് പതിവ്.

കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 പ്രകാരം സ്വീകരിച്ച നടപടികൾ

കെട്ടിടങ്ങളുടെ നിർമ്മാണവും, പൊളിച്ച് മാറ്റലും നടക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി നഗരസഭ പ്രത്യേക സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയംതന്നെ അമൃത് പദ്ധതിയുടെ ഭാഗമായി പൊളിച്ച് മാറ്റിയ പഴയ കോൺക്രീറ്റ് കാനകളും, സ്ലാബുകളും മറ്റും നഗരസഭയുടെ ടൗൺഹാളിനടുത്തുള്ള പുനരധിവാസ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതായി കാണുകയുണ്ടായി. നിരവധി നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന നഗരസഭാ പ്രദേശത്ത് ഇത്തരം വേസ്റ്റുകൾ കയ്യൊഴിക്കുന്നതിനുള്ള സംവിധാനം കൂടി ഏർപ്പെടുത്തേണ്ടതാണ്.



(6)



(7)



(8)



(9)

*ചിത്രങ്ങൾ (6 -9) – വേസ്റ്റുകൾ പുനരധിവാസ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നു.*

ഇ-വേസ്റ്റ് മാനേജ്മെന്റിന് സ്വീകരിച്ച നടപടികൾ

നഗരസഭക്ക് നിലവിൽ ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമില്ല. എന്നാൽ ക്ലീൻ കേരള കമ്പനിയിൽനിന്നും അറിയിച്ചതനുസരിച്ച് നഗരസഭ പ്രദേശത്തെ 3 സോണുകളായി തിരിച്ച് ഇ-വേസ്റ്റ് ശേഖരിച്ചിരുന്നു. എന്നാൽ ക്ലീൻ കേരള നാളിതുവരെയായി ഇത് കൊണ്ടുപോയിട്ടില്ലാത്തതാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മസേനയുടെ വളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നല്കി യൂണിഫോം വിതരണം ചെയ്ത് ഫീൽഡിൽ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 63 അംഗങ്ങൾ 7 ക്ലസ്റ്ററുകളിലായി പ്രവർത്തിച്ചുവരുന്നു. ഇവർക്ക് മാലിന്യ സംസ്കരണത്തിനായി 3 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ ബോഡി നിർമ്മാണം നടന്നുവരുന്നു. ഹരിതസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 2018-19 ൽ 725000/- രൂപ നല്കിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വരുന്നതേയുള്ളൂ.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുകയും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന തുണി, പേപ്പർ സഞ്ചികൾ പോലുള്ള ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം വിപുലീകരിക്കുക.

15. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവനേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന

ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

16. സീവേജ്, സെപ്റ്റേജ് മാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

17. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായി നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-31 പട്ടിക ജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ - അപാകതകൾ

1)പ്രോജക്റ്റ് നം 18/17-18

പ്രോജക്ടിൻെറ പേര്-9,10 ക്ളാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ -504000

ചെലവ് – 376000

ബിൽ നം-10/17-18 തിയ്യതി – 27-3-18 തുക-376000

മേൽ പദ്ധതി പ്രകാരം വിവിധ സ്കൂളുകളിലേക്കായി 94 സൈക്കിളുകൾ വാങ്ങി നൽകിയിട്ടുണ്ട്. ടെണ്ടർ ലഭിച്ച സഫാരി സൈക്കിൾസിൻെറ ടെണ്ടർ അംഗീകരിച്ച കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല. വി.കെ അപ്പുമെമ്മോറിയൽ എച്ച് എസ് എസ്, ക്രൈസ്റ്റ് കിങ്ങ് സി ജി എച്ച് സ്കൂൾ പാവറട്ടി, ശ്രീകൃഷ്ണ ഹയർ സെക്കൻററി സ്കൂൾ എന്നിവയ്ക്കായി യഥാക്രമം 9,4,44 എണ്ണം സൈക്കിൾ വിതരണം നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്കൂളുകൾ സൈക്കിൾ വിതരണം ചെയ്തതായി ബന്ധപ്പെട്ട് സൈക്കിൾ കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം-26/17-18

പ്രോജക്ടിൻെറ പേര്-എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

ബിൽ നം 9/17-18 തി-12-3-18

തുക-750000

മേൽ പദ്ധതി പ്രകാരം ആതിര എം എസ്, മങ്ങന്തറ, പേരകം, വാഴപ്പിള്ളി എന്ന വിദ്യാർത്ഥിയ്ക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. ടിയാരി മദർ ക്യാംപസ് കോളേജ് പറപ്പൂർ എന്ന കോ ളേജിലെ വിദ്യാർത്ഥിയാണ്. ടിയാർക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിൻെറ രേഖകൾ ഫയലിലില്ല. രേഖകൾ ലഭ്യമാക്കും വരെയും ചെലവു തുക 30000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-32 വെറ്ററിനറി സർജ്ജൻ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

1)പ്രോജക്റ്റ് നം -53/18
പ്രോജക്ടിൻെറ പേര്-കന്നുകട്ടി പരിപാലന പദ്ധതി
ബിൽ നം -2/17-18 തിയ്യതി 30-1-18 തുക-537500
മേൽ പദ്ധതി പ്രകാരം 43 പേർക്ക് 12500 രൂപ വീതം ആകെ 537500 രൂപ slbp യിൽ അടവാക്കിയിട്ടുണ്ട്.വ്യക്തി ഗത നാൾ വഴി രജിസ്ററർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾ കാലിതീറ്റ വാങ്ങിയതായി കാണുന്നില്ല.

1)അൽഫോൺസ ജോൺസൺ,ഒലക്കേങ്ങൽ,തിരുവെങ്കിടം

2)കൊച്ചുണ്ണി, അരീക്കര, ബ്രഹ്മകുളം

താഴെ പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ മാസത്തെയും തീറ്റ വാങ്ങിയിട്ടില്ല.

സാഫിറ അബ്ദുൾ കരീം വലിയകത്ത്, പാലുവായ് എന്നവർ 4/18,2/19,3/19,4/19 മാസങ്ങളിൽ കാലിതീറ്റ വാങ്ങിയിട്ടില്ല.

അനിലൻ, മുണ്ടൻ തറ, പാലുവായ് എന്നവർ 4/18,1/19,4/19 മാസങ്ങളിൽ കാലിതീറ്റ വാങ്ങിയിട്ടില്ല.

3)ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം 10 പ്രകാരമുള്ള അപ്പുകുട്ടൻ പൊന്നരശ്ശേരി എന്നവരുടെ പേര് നാൾവഴി രജിസ്റ്ററിൽ വെട്ടികളഞ്ഞ് ഹാഫിസ് എന്നാക്കി മാറ്റിയിരിക്കുന്നു. മേൽ ഗുണഭോക്താക്കൾ പങ്കാളികളായി പദ്ധതിയിൽ തുടരാത്തപക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതത്തിൽ ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക ലഭ്യമാക്കേണ്ടതുമാണ്.

2)പ്രോജക്റ്റ് നം – 53/17-18

പ്രോജക്റ്റിൻെറ പേര്-കന്നുകട്ടി പരിപാലന പദ്ധതി

ബിൽ നം 8/17-18 തി 20-3-18 തുക 25000

മേൽ പദ്ധതി പ്രകാരം 25000 രൂപ SLBP യ്ക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃലിസ്റ്റ് ,ഗുണഭോക്തൃ വിഹിതം അടവാക്കിയതിൻെറ വിവരം,അപേക്ഷ എന്നിവ ലഭ്യമല്ല.ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 25000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

4)പ്രോജക്റ്റ് നം 368/18

പ്രോജക്റ്റിൻെറ പേര്.പെണ്ണാട് വിതരണം

ബിൽ നം 6/17-18 തി 20-3-18 തുക-235000

മേൽ ബിൽ പ്രകാരം 11 പേർക്ക് പെണ്ണാടിനെ വിതരണം നടത്തുന്നതിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികളാണ് ആടിനെ വിതരണം നടത്തിയതെന്ന് തെളിയിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടിയാരുടെ ബാങ്ക് അക്കൗണ്ട് വിവരം, ആധാർ കാർഡ്, ഗുണഭോക്താക്കൾ ടിയാരിൽ നിന്നും ആണ് ആടിനെ വാങ്ങിയതെന്നുള്ള സാക്ഷ്യപത്രവും ഫയലില്ല. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വര ചെലവു തുക 235000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-33 UIDSSMTപദ്ധതി - അവലോകനം

UIDSSMTപദ്ധതിയുടെ ഫയൽ നം.E1-849/06പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ദേവസ്വം വിഹിതം ആവശ്യപ്പെട്ടിട്ടില്ല

ഗുരുവായൂർ ചാവക്കാട് നഗരസഭകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപ്പാക്കിയ പദ്ധതിയാണ്. ആകെ ചെലവിന്റെ 80% കേന്ദ്രസർക്കാരും 10% സംസ്ഥാനസർക്കാരും 10%നഗരസഭകളും വഹിക്കുന്നു. നഗരസഭകളുടെ വിഹിതത്തിൽ 62% ഗുരുവായൂർ നഗരസഭയും 38%ചാവക്കാട് നഗരസഭയും വഹിക്കുന്നു. വാട്ടർ അതോറിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്.

2009 ൽ 50.45കോടി രൂപ ഭരണാനുമതി ലഭിച്ച പദ്ധതി യഥാസമയം പൂർത്തിയായില്ല.അടങ്കൽ 54.10കോടി യായി വർദ്ധിച്ചു. തുടർന്ന് നഗരസഭകൾ അടവാക്കേണ്ട വിഹിതവും വർദ്ധിച്ചു.

പഴയ അടങ്കൽ പ്രകാരം DPR+ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉൾപ്പെടെ ഗുരുവായൂർ നഗരസഭാവിഹിതം 317499620രൂപയും പുതുക്കിയ അടങ്കൽ പ്രകാരം 340609140രൂപയും ആണ്. നാളിതുവരെ ഗുരുവായൂർ നഗരസഭാ 29,46,18000രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

ഗുരുവായൂർ നഗരസഭയിലെ കുടിവെള്ളത്തിന്റെ മുഖ്യഉപയോക്താക്കൾ ഗുരുവായൂർ ദേവസ്വമായതിനാൽ നഗരസഭാവിഹിതത്തിന്റെ 50%ദേവസ്വം വഹിക്കാമെന്ന് ധാരണ ഉള്ളതാണ്. സർക്കാർ ഉത്തരവ് (ആർടി)1991/2009/തസ്വഭവ തീയതി 5.8.09 പ്രകാരവും 50% വിഹിതം ദേവസ്വം വഹിക്കേണ്ടതാണ്. അതുപ്രകാരം പഴയ അടങ്കലിൽ 15721300രൂപ നഗരസഭാവിഹിതവും 15722000രൂപ ദേവസ്വം വിഹിതവുമായി നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം ദേവസ്വം 15700000രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്.

ചെക്ക് നം.411491/14.2.19പ്രകാരം ദേവസ്വം അടവാക്കിയ 7839000 രൂപ ബാങ്ക് പാസ്ബുക്കിൽ വരവ് വച്ചിട്ടില്ല. പാസ്ബുക്ക് 31.1.19വരെ മാത്രമാണ് അപ്ഡേറ്റ് ചെയ്തിട്ടുള്ളത്.

പുതുക്കിയ അടങ്കൽ പ്രകാരം കൂടുതൽ തുക നഗരസഭ അടവാക്കേണ്ടി വന്നെങ്കിലും തദനുസരണമായി വർദ്ധിപ്പിച്ച വിഹിതം ദേവസ്വത്തിൽ നിന്ന് ആവശ്യപ്പെട്ടിട്ടില്ല.

24.2.19 ന് പദ്ധതി ഉദ്ഘാടനം ചെയ്തു.നിലവിൽ നഗരസഭക്ക് ആവശ്യമായ കുടിവെള്ളം ലഭിക്കുന്നുണ്ടോ, എപ്രകാരമാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത് (പൊതുടാപ്പുകൾ, ഗാർഹികകണക്ഷൻ)എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (27/22.5.19) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അമൃത് പദ്ധതിയിൽകരുവന്നൂർപുഴയിൽ നിന്ന് ഉള്ള മറ്റൊരു കുടിവെള്ളപദ്ധതി ആസൂത്രണം ചെയ്തതായി കാണുന്നു. UIDSSMT പദ്ധതി നടപ്പാക്കിയ സാഹചര്യത്തിൽ വീണ്ടും ഒരു പദ്ധതി നടപ്പാക്കുന്നതിന്റെ കാരണം വ്യക്തമല്ല.

വർദ്ധിപ്പിച്ച ദേവസ്വം വിഹിതം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല പദ്ധതിയിൽ നിന്ന് നഗരസഭക്കാവശ്യമായ കുടിവെള്ളംലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 3-34 അമൃത് പദ്ധതി

ഗുരുവായൂർ നഗരസഭയുടെ വികസനത്തിനായി കേന്ദ്രസംസ്ഥാനസർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. 50% കേന്ദ്രഫണ്ട്, 30%സംസ്ഥാനഫണ്ട്, 20%നഗരസഭാവിഹിതം എന്നിങ്ങനെയാണ് പദ്ധതിയുടെ ഫണ്ടിംഗ്.

Storm Water Drainage,Green Space and Park,Urban Transportation തുടങ്ങിയ പദ്ധതികളാണ് 2017-18ൽ ആരംഭിച്ചത്.

E-18378/15 ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.മൾട്ടിലെവൽ പാർക്കിംഗ് പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി മുരളി അസോസിയേറ്റ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ആദ്യഗഡു 1485000രൂപ ചെക്ക് നം. 211953/10.8.17 പ്രകാരം കൈമാറി. പദ്ധതിയുടെ സ്ട്രക്ചറൽ ഡിസൈൻ അപ്രൂവലിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് 245763രൂപ (ചെക്ക് നം.211957/17.3.18)കൈമാറി. ഇക്കാര്യത്തിന് എഞ്ചിനീയറിംഗ് കോളേജിന് തുക കൈമാറിയതിന്റെ കാരണം വ്യക്തമല്ല. കോളേജിന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല. മുരളി അസോസിയേറ്റ്സിന് അവസാനഗഡു നൽകുന്നതിൽ നിന്ന് തുക കുറവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ULCCS,വടകരയെയാണ് തെരഞ്ഞെടുത്തത്.തദ്ദേശസ്വയംഭരണവകുപ്പിന്റെ 18.7.18ലെ DC2/133/2018/ തസ്വഭവ കത്ത് പ്രകാരം fair and competitive bidding process ലൂടെ മാത്രം അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുവാൻ നിർദ്ദേശം ലഭിച്ചെങ്കിലും അപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല.ഇടെണ്ടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3.തദ്ദേശസ്വയംഭരണവകുപ്പിന്റെ ജി ഒ(ആർടി )1512/17/LSGD /10.5.17 പ്രകാരം Office level improvement,Individual capacity building എന്നിവക്കായി 0.25ലക്ഷം രൂപ അനുവദിച്ചു.തുക അക്കൗണ്ടിൽ വരവ് വക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

4.നഗരസഭാപരിധിയിലെ കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് GITPAC എന്ന സ്ഥാപനം സമർപ്പിച്ച നിരതദ്രവ്യം 25000/-രൂപ ഡിഡി (477158/30.10.17)ആയി തന്നെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. പണമായി മാറ്റി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

5.DPRതയ്യാറാക്കുന്നതിനായി Costford ഓഫർ സമർപ്പിച്ചെങ്കിലും പരിഗണിച്ചതായി കാണുന്നില്ല. മറ്റ് സ്ഥാപനങ്ങൾ ഉയർന്ന നിരക്കാണ് ഓഫറിൽ ചേർത്തിട്ടുള്ളത്.

6.Repair of Minor Drainage എന്ന പദ്ധതി നഗരസഭ നേരിട്ടുനടത്തുന്നതിന് തീരുമാനിക്കുകയും DPRതയ്യാറാക്കുന്നതിനായി ഡിജിറ്റൽ സർവ്വെക്കായി സി.പി.വിനോദ്കുമാർ എന്ന വ്യക്തിയുടെ 8000രൂപ/Km എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയതിന്റെയോ തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല.

7.Water Treament Plant സ്ഥാപിക്കുന്നതിനായി നഗരസഭയുടെ പൂക്കോട്ചാത്തൻകാട് ശ്മശാനം വാട്ടർ അതോറിറ്റിക്ക് കൈമാറി.വാട്ടർ അതോറിറ്റിയുമായി കരാർ ഫയലിൽ ഇല്ല.പ്ലാന്റ് സ്ഥാപിച്ച് നഗരസഭക്ക് കൈമാറുകയാണോ,വാട്ടർ അതോറിറ്റി നടത്തിപ്പ് ചുമതല ഏറ്റെടുക്കുകയാണോ എന്ന് വ്യക്തമല്ല.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(52/30.5.19)നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ഡിഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്മെയിൻ വലിക്കൽ | | | 5982046 | 77954 |
| കേരള വാട്ടർ അതോറിറ്റി | അങ്ങാടിത്താഴം കുടിവെള്ള പദ്ധതി (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാർഡ്-12) | | | 197000 | 3000 |
| കേരള വാട്ടർ അതോറിറ്റി | ചൂൽപ്പുറം ട്രെഞ്ചിംഗ് ഗ്രൗണ്ടിന് ചുറ്റുമുള്ള | | | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| | വീടുകളിലേക്ക് കുടിവെള്ളമെത്തിക്കൽ | | | | |
| കെ.എസ്.ഇ.ബി | പടിഞ്ഞാറെ നടയിൽ റസ്റ്റ് ഹൗസിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | | | 311407 | 0 |
| കേരള വാട്ടർ അതോറിറ്റി | ഞാർക്കോലി കരുവാൻപടി റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ്നീട്ടൽ | | | 0 | 4700 |

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത് – ആയത് വാർഷിക കണക്ക് B/S B-18 പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

2017-18 വാർഷിക കണക്ക് B/S B-6പ്രകാരം 1611400രൂപ വായ്പയിനത്തിൽ ബാക്കിയുണ്ട്. ആയത് പരിശോധനയ്ക്കാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

# 4-5 സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ

വാർഷികകണക്ക് B-12 ഷെഡ്യൂൾ പ്രകാരം 5,00,000രൂപ നിക്ഷേപമുണ്ട്. കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ ലഭ്യമാക്കിയിട്ടില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 27 | 2003-04 | 6.13 | മാലിന്യ സംസ്കരണ ശാല ലക്ഷ്യം നേടിയില്ല | പ്ലാന്റിന്റെ പ്രവർത്തനം നടത്താത്ത സാഹചര്യത്തിൽ ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ ശാല സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാറിന്റെ അംഗീകൃത ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് നെ ചുമതലപ്പെടുത്തിയിട്ടുള്ളതും പുതിയ പ്ലാന്റ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. മാലിന്യം വളമാക്കി മാറ്റുന്ന പ്രവർത്തനം നടന്നു വരുന്നതുമാണ്. |
| 1999-2000 | 44 | 2010-11 | 2.11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ | ഗുരുവായൂർ നഗരസഭയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ലോണുകൾ യഥാസമയം അടവാക്കുന്നതിന് നഗരസഭ ശ്രദ്ധ ചെലുത്താറുള്ളതാണ്. ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ 31/03/2012 ന് ശേഷം ലോൺ റീപേയ്മെന്റ് നടത്തിയിട്ടില്ലാത്തതാണ്. എങ്കിലും തുക അടയ്ക്കുവാൻ ബാലൻസ് ഉണ്ടെങ്കിൽ അറിയുന്ന പക്ഷം നഗരസഭ അടവാക്കുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3.17 | 2010-11 | 5.2.20 | മരാമത്ത് പണി – അധിക തുക നൽകിയത് സംബന്ധിച്ച് | സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |

# 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43,25,65,529 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44,33,65,498 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 80810 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 29090696 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 80810 | മുനിസിപ്പൽ എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1300180 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | 4891467 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-4 | 71772 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-7 | 1500000 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-8 | 5982046 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | 9510000 | പ്രൊജക്ട് ഓഫീസർ |
| 3-14 | 110000 | ജെ.ആർ.രാജ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-19 | 624975 | യു.എസ്.സതീശൻ, സെക്രട്ടറി |
| 3-21 | 1673956 | ഡോ.ലസിത, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-22 | 1500000 | ഹെഡ് മിസ്ട്രസ്,ജി.എച്ച്.എസ്.എസ്, ചാവക്കാട് |
| 3-23(6) | 1075000 | യു.എസ്.സതീശൻ, സെക്രട്ടറി |
| 3-24(2) | 20000 | ഹെഡ് മിസ്ട്രസ്,ജി.എച്ച്.എസ്.എസ്, ഗുരുവായൂർ |
| 3-24(3) | 89200 | ഡോ.ലസിത, മെഡിക്കൽ ഓഫീസർ,പി.എച്ച.സി. |
| | 68600 | ഡോ.നിർമ്മൽ, വെറ്റിനറി സർജൻ |
| 3-27 | 383500 | മുനിസിപ്പൽ എഞ്ചിനീയർ |
| 3-31 | 30000 | പട്ടികജാതി വികസന ഓഫീസർ |
| 3-32(2) | 25000 | ഡോ.നിർമ്മൽ, വെറ്റിനറി സർജൻ |
| 3-32(4) | 235000 | വെറ്റിനറി സർജൻ |
| ആകെ | 29090696 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ, | മുനിസിപ്പൽ എഞ്ചിനീയർ | ലഭ്യമാക്കിയില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69 | എൽഎഫ്. 2825/ ഇ2(1)70/07.04 |
| 72-73 | എൽ.എഫ് .5176ഇ2 (1)74/ 20.10.77 |
| 73-74 | എൽ.എഫ്. 2963ഇ 2 (1)75/12.11.75 |
| 74-75 | എൽ.എഫ്. 3243ഇ2 (1)76/15.7.76 |
| 75-76 | എൽ.എഫ്.1642 ഇ2 (1)77/2.7.79 |
| 76-77 | എൽ. എഫ്. 3337.ഇ2 (1)78/23.7.79 |
| 77-78 | എൽ.എഫ്.ടി-4-394/80/8.4.80 |
| 78-79 | എൽ. എഫ്.ടി-4- 1368/812.11.81 |
| 79-80 | എൽ. എഫ്.ടി-4-2098/82/ 25.1.83 |
| 80-81 | എൽ. എഫ്.ടി-4-2520/83 / 21.1.84 |
| 81-82 | എൽ.എഫ്.ടി-4-766/87.28.3.84 |
| 82-83 | എൽ.എഫ്.ടി-4-1214/89/16.8.90 |
| 83-84 | എൽ.എഫ്.ടി-4-1548/90/31.1.91 |
| 84-85 | എൽ.എഫ്.ടി-4-1286/91/6.10.91 |
| 85-86 | എൽ.എഫ്.ടി-4-43/93/20.11.93 |
| 86-87 | എൽ.എഫ്.ടി-4-595/94/24.2.95 |
| 88-89 | എൽ.എഫ്.ടി-4-2014/9531.3.97 |
| 89-90 | എൽ.എഫ്.ടി-4-1020/97/7.10.97 |
| 96-97ചെലവ് | എൽ.എഫ്.ടി-4-1025/97/15.4.98 |
| 96-97 വരവ് | എൽ.എഫ്.ടി-4-994/2001/ 24.11.01 |
| 91-92മുതൽ 95-96വരെ | എൽ.എഫ്.ടി-4-1780/7/10.9.09 |
| 97-98ചെലവ് | എൽ.എഫ്.ടി-4-568/00/3.8.00/ 30.11.00 |
| 97-98വരവ് | എൽ.എഫ്.ടി-4-1779/08/10.9.09 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1209/01/ 12.2.01/ 28.6.02 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1458/0810.9.09 |
| 99-2000ചെലവ് | എൽ.എഫ്.ടി-4-1612/02/3.10.02 |
| 99-2000വരവ് | എൽ.എഫ്.ടി-4-1459/07/ 11.11.07 |
| 2000-01 | എൽ.എഫ്.ടി-4-1461/04/4.3.03 |
| 01-02 വരവ് | എൽ.എഫ്.ടി-4-687/01./5.6.2010 |
| 01-02ചെലവ് | എൽ.എഫ്.ടി-4-1409/0518.5.06/ 17.7.06 |
| 02-03ചെലവ് | എൽ.എഫ്.ടി-4-475/07/8.10.07/ 16.2.08 |
| 02-03വരവ് | എൽ. എഫ്.ടി-4-688/09/5.6.10 |
| 03-04വരവ് | എൽ.എഫ്.ടി-4-689/09/26.6.10 |
| 04-05 വരവ് | എൽ.എഫ്.ടി-4-690/09/26.6.10 |
| 05-06 വരവ്-ചെലവ് | എൽ.എഫ്.ടി-4-691/09/29.6.10 / 31.3.11 |
| | |

| | |
|---|---|
| 06-07 | എൽ.എഫ്.ടി 4-117/2011/ 10.11.11. |
| 07-08 | എൽ.എഫ്.ടി.എം.-118/11/ 10.11.11 |
| 08-2009 | എൽ.എഫ്.ടി.എം.-2610/11/ 25.6/12/3.10.12 |
| 2009-2010 | എൽ.എഫ്.ടി.എം.-2611/11/ 25.6.12/3.10.12 |
| 2011-2012 | എൽ.എഫ്.ടി.എം.150/1230.6.12/ 8.8.12 |
| 2011-12 | എൽ.എഫ്.ടി.എം.77/2013/ 13.413/2.9.13 |
| 2012-13 | എൽ.എഫ്.ടി.എം.836/14 തിയതി.04.02.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം) 1434/15 തി. 16.11.2015/ 05.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം) 1402/116 തി. 09.08.2016. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(എം) 56/2017 തി. 31.01.2017. |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(എം) 1723/2017 തി. 05.12.2017. |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 31.03.2018ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഗുരുവായൂർ നഗരസഭയുടെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ